بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ　　نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ　　وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡدِ

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

2026 ഏപ്രിൽ 16-23 ● ഹി.ശം 1405 ശഹാദത്ത് 16-23 ● ഹി. ഖ. 1447 ശവ്വാൽ 27-ദുൽഖഅദഃ 05

വാള്യം 11　　ലക്കം 16-17

# ബദർ

വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

വാർഷിക വരിസംഖ്യ 600

www.akhbarbadrqadian.in

പത്രാധിപർ
എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ
മുഹമ്മദ് ഇസ്മായീൽ



## വിശുദ്ധ ഖുർആനിൽ നിന്ന്:


وَلَقَدۡ کَتَبۡنَا فِی الزَّبُوۡرِ مِنۡۢ بَعۡدِ الذِّکۡرِ اَنَّ الۡاَرۡضَ یَرِثُہَا عِبَادِیَ الصّٰلِحُوۡنَ ○

اِنَّ فِیۡ ہٰذَا لَبَلٰغًا لِّقَوۡمٍ عٰبِدِیۡنَ ○ وَمَاۤ اَرۡسَلۡنٰکَ اِلَّا رَحۡمَۃً لِّلۡعٰلَمِیۡنَ ○

**തീർച്ചയായും നാം സബൂറിൽ ഉൽബോധനത്തിനുശേഷം എഴുതിയിരിക്കുന്നു: തീർച്ചയായും വാഗ്ദത്ത ഭൂമി എന്റെ സദ്വൃത്തരായ ദാസന്മാർ തന്നെ അവകാശമായി പ്രാപിക്കുന്നതാണ്. ഇതിൽ തീർച്ചയായും ആരാധിക്കുന്ന ജനങ്ങൾക്ക് ഒരു സുപ്രധാന സന്ദേശമുണ്ട്. നാം നിന്നെ മുഴുലോകത്തിനും കാരുണ്യമായിട്ടല്ലാതെ അയച്ചിട്ടില്ല.**

*(സൂറ: അൽ അമ്പിയാഅ് : ആയത്ത് 106-108)*

**തഫ്സീർ കബീറിൽ നിന്ന്:**
ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)



## സജ്ജനങ്ങളായ ദാസന്മാർ വിശുദ്ധ ഭൂമിയുടെ അവകാശികളായിത്തീരും!

وَقُلۡنَا مِنۡۢ بَعۡدِہٖ لِبَنِیۡۤ اِسۡرَآءِیۡلَ اسۡکُنُوا الۡاَرۡضَ فَاِذَا جَآءَ وَعۡدُ الۡاٰخِرَۃِ جِئۡنَا بِکُمۡ لَفِیۡفًا -

(സൂറ: ബനീ ഇസ്റാഈൽ : 105)

**ഉസ്കുനുൽ അർള്** (ആ ഭൂമിയിൽ വസിക്കുവിൻ) എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ഈജിപ്തിലെ ഭൂമിയല്ല. കാരണം അവർ ഈജിപ്തിലല്ല വസിച്ചത്. ഇതുകൊണ്ട് ഉദ്ദേശിക്കുന്നത് കനാൻ ദേശമാണ്; അതായത് നിങ്ങൾക്ക് വാഗ്ദാനം ചെയ്യപ്പെട്ട ആ രാജ്യം. الارض (ഭൂമി) എന്നതുകൊണ്ട് ഇവിടെ വിവക്ഷിക്കപ്പെടുന്നത് വാഗ്ദത്ത ഭൂമിയാണ്. മൂസാ(അ)നെ അപേക്ഷിച്ച് തിരുനബി(സ)ക്കുള്ള ശ്രേഷ്ഠത എന്തെന്നാൽ, മൂസാ(അ)ന് ലഭിച്ച സ്ഥലം ഈജിപ്തിന് പകരമുള്ളതായിരുന്നു (ഈജിപ്ത് ലഭിച്ചില്ല). എന്നാൽ തിരുനബി(സ)ക്ക് തന്റെ സ്വന്തം ജന്മനാട് തന്നെ ലഭിക്കുകയും പിന്നീട് ശത്രുക്കളുടെ രാജ്യങ്ങൾ കൈവശം വരികയും ചെയ്തു. **ഫ ഇദാ ജാഅ വഅ്ദുൽ ആഖിറതി** അതായത്, ഇപ്പോൾ നിങ്ങൾ കനാനിലേക്ക് പോവുക, എന്നാൽ കുറച്ചു കാലത്തിന് ശേഷം നിങ്ങൾക്ക് അവിടെ നിന്ന് പുറത്തുപോകേണ്ടി വരും. പിന്നീട് അല്ലാഹു നിങ്ങളെ മടക്കിക്കൊണ്ടുവരും. വീണ്ടും നിങ്ങൾ അനുസരണക്കേട് കാണിക്കുകയും രണ്ടാമതും ശിക്ഷ വരികയും ചെയ്യും. അതിനുശേഷം നിങ്ങളുടെ സദൃശ ഗോത്രത്തെ (മുസ്‌ലിം ഉമ്മത്തിനെ) സംബന്ധിച്ചുള്ള രണ്ടാമത്തെ നാശത്തിന്റെ വാർത്തയുടെ സമയം വരുന്നത് വരെ നിങ്ങൾ പ്രവാസികളായി തുടരും. ആ സമയത്ത് വീണ്ടും നിങ്ങളെ വിവിധ രാജ്യങ്ങളിൽ നിന്ന് ഒരുമിച്ച് കൂട്ടി പരിശുദ്ധ ഭൂമിയിലേക്ക് (അർള് മുഖദ്ദസ്) മടക്കിക്കൊണ്ടുവരും.

ഈ സൂറത്തിന്റെ തുടക്കത്തിൽ ബനൂ ഇസ്രായീലുകാർക്ക് രണ്ട് നാശങ്ങളെക്കുറിച്ച് നൽകിയ അതേ മുന്നറിയിപ്പ് മുസ്‌ലിംകൾക്കും നൽകിയിട്ടുണ്ടെന്ന് ഈ ആയത്തിൽ നിന്ന് വ്യക്തമാണ്. കാരണം മുസ്‌ലിംകളെ ബനൂ ഇസ്രായീലുകാരുടെ മസീൽ (സദൃശ്യർ) ആയിട്ടാണ് കണക്കാക്കുന്നത്. തിരുനബി(സ)യെ മൂസാ(അ)ന്റെ മസീൽ ആയി കണക്കാക്കിയതുപോലെ തന്നെയാണിത്. ഇതിനുള്ള തെളിവ് സൂറത്തിന്റെ തുടക്കത്തിൽ രണ്ട് വാഗ്ദാനങ്ങളെക്കുറിച്ച് പരാമർശിക്കുന്നുണ്ട് എന്നതാണ്; അവ രണ്ടും ശിക്ഷയുടെ വാഗ്ദാനങ്ങളാണ്. ഒന്ന് ബാബിലോണിയൻ രാജാവായ നെബൂഖദ്നസർ മുഖേന പൂർത്തിയായി. രണ്ടാമത്തേത് റോമൻ രാജാവായ ടൈറ്റസ് (Titus) വഴി പൂർത്തിയായി. (ആദ്യത്തെ റുകൂഅ് നോക്കുക). ഈ രണ്ട് വാഗ്ദാനങ്ങളിലും ബനൂ ഇസ്രായീലുകാരെ ഒരുമിച്ച് കൂട്ടുന്നതിനെക്കുറിച്ചല്ല, മറിച്ച് അവരെ ചിതറിക്കുന്നതിനെക്കുറിച്ചാണ് പരാമർശിക്കുന്നത്. ഇതിന് വിപരീതമായി, ഈ ആയത്തിൽ പറയുന്നത് രണ്ടാമത്തെ വാഗ്ദാനത്തിന്റെ സമയത്ത് ബനൂ ഇസ്രായീലുകാരെ വീണ്ടും പരിശുദ്ധ ഭൂമിയിലേക്ക് കൊണ്ടുവരും എന്നാണ്.

ശേഷം പേജ് 8 ൽ



**ഹദീസ്:**

## അറബികളുടെ നാശത്തെയും ആപത്തിനെയും കുറിച്ചുള്ള പ്രവചനം

عَنۡ اُمِّ الۡمُؤۡمِنِیۡنَ زَیۡنَبَ بِنۡتِ جَحۡشٍ رَضِیَ اللّٰہُ عَنۡہَا اَنَّ النَّبِیَّ صَلَّی اللّٰہُ عَلَیۡہِ وَسَلَّمَ دَخَلَ عَلَیۡہَا فَزِعًا یَقُوۡلُ : لَاۤ اِلٰہَ اِلَّا اللّٰہُ وَیۡلٌ لِلۡعَرَبِ مِنۡ شَرٍّ قَدِ اقۡتَرَبَ فُتِحَ الۡیَوۡمَ مِنۡ رَدۡمِ یَاۡجُوۡجَ وَمَاجُوۡجَ مِثۡلُ ہٰذِہٖ ۔ وَحَلَّقَ بِاِصۡبَعَیۡہِ الۡاِبۡہَامِ وَالَّتِیۡ تَلِیۡہَا فَقُلۡتُ یَا رَسُوۡلَ اللّٰہِ اَنَہۡلِکُ وَفِیۡنَا الصَّالِحُوۡنَ: قَالَ نَعَمۡ اِذَا کَثُرَ الۡخَبَثُ ۔ (بخاری کتاب الفتن باب قول النبی ویل للعرب من شرٍ قد اقترب جلد ۲ صفحہ ۱۰۴۶)

ഹദ്റത്ത് സൈനബ് ബിൻത് ജഹ്ശ്(റ) നിവേദനം ചെയ്യുന്നു: ഒരിക്കൽ തിരുനബി(സ) പരിഭ്രമിച്ചുകൊണ്ട് എന്റെ അടുക്കൽ വന്ന് ഇപ്രകാരം പറഞ്ഞു:

അല്ലാഹു അല്ലാതെ മറ്റൊരു ദൈവവുമില്ല. സമീപസ്ഥമായിക്കൊണ്ടിരിക്കുന്ന ഒരു തിന്മ കാരണം അറബികൾക്ക് നാശം! യഅ്ജൂജ് മഅ്ജൂജിന്റെ മതിലിൽ ഇന്ന് ഇത്രത്തോളം ദ്വാരമുണ്ടാക്കപ്പെട്ടിരിക്കുന്നു. (ഇത് വ്യക്തമാക്കുന്നതിനായി) തിരുനബി(സ) തന്റെ തള്ളവിരലും അതിനോട് ചേർന്നുള്ള വിരലും ചേർത്ത് ഒരു വൃത്തം ഉണ്ടാക്കി കാണിച്ചു. അപ്പോൾ ഞാൻ ചോദിച്ചു: അല്ലാഹുവിന്റെ ദൂതരേ! ഞങ്ങളിൽ നല്ലവരായ ആളുകൾ ഉണ്ടായിരിക്കെ ഞങ്ങൾ നശിപ്പിക്കപ്പെടുമോ? തിരുനബി(സ) മറുപടി നൽകി: അതെ, തിന്മയും അശുദ്ധിയും വർദ്ധിക്കുകയും അത് നന്മയെ മറികടക്കുകയും ചെയ്യുമ്പോൾ (നാശം സംഭവിക്കും). *(ബുഖാരി, കിതാബുൽ ഫിതൻ, ബാബു ഖൗലിന്നബി വൈലുൻ ലിൽ അറബി മിൻ ശർറിൻ ഖദ് ഇഖ്തറബ, വാല്യം 2, പേജ് 1046)*



**ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പാഠങ്ങൾ:**

## വിശുദ്ധ ഭൂമി സത്വൃത്തന്മാരുടെ അവകാശം

ഈ ആയത്തിൽ നിന്ന് അൽഅർള് (ഭൂമി) എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ശാം (സിറിയ ഉൾപ്പെടുന്ന പ്രദേശം) ആണന്നും അത് സജ്ജനങ്ങളുടെ (സ്വാലിഹീങ്ങളുടെ) അവകാശമാണെന്നും അത് ഇപ്പോഴും മുസ്‌ലിംകളുടെ കൈവശമാണെന്നും വ്യക്തമായി മനസ്സിലാക്കാം. അല്ലാഹു തആല **യരിസുഹാ** (അവർ അതിന് അവകാശികളാകും) എന്നാണ് പറഞ്ഞത്, **യംലികുഹാ** (അവർ അതിന്റെ ഉടമസ്ഥരാകും) എന്നല്ല. ഇതിൽ നിന്ന് അതിന്റെ അവകാശികൾ മുസ്‌ലിംകൾ തന്നെയായിരിക്കും എന്ന് വ്യക്തമാകുന്നു. ഇനി ഏതെങ്കിലും കാലത്ത് ഇത് മറ്റാരുടെയെങ്കിലും കൈവശം പോയാൽ പോലും, അത് പണയക്കാരൻ തന്റെ വസ്തു പണയമെടുത്തവന് നൽകുന്നതുപോലെയുള്ള ഒരു കൈവശം മാത്രമായിരിക്കും. ഇതാണ് അല്ലാഹു തആലയുടെ പ്രവചനത്തിന്റെ മഹത്വം. ശാം പ്രദേശം പ്രവാചകന്മാരുടെ ഭൂമിയായതിനാൽ അത് അന്യരുടെ അവകാശമായിത്തീരുന്നതിലൂടെ അതിന്റെ പവിത്രത നഷ്ടപ്പെടാൻ അല്ലാഹു തആല ആഗ്രഹിക്കുന്നില്ല.

**യരിസുഹാ ഇബാദിയസ് സ്വാലിഹൂൻ** (എന്റെ സജ്ജനങ്ങളായ ദാസന്മാർ അതിന് അവകാശികളാകും) എന്ന് അല്ലാഹു പറഞ്ഞു. സ്വാലിഹീങ്ങൾ എന്നതുകൊണ്ട് അർത്ഥമാക്കുന്നത് കുറഞ്ഞപക്ഷം സൽഗുണങ്ങളുടെ (സ്വലാഹിയ്യത്ത്) അടിസ്ഥാനത്തിൽ നിലകൊള്ളുന്നവർ എന്നാണ്. വിശുദ്ധ ഖുർആനിൽ വിശ്വാസികളെ മൂന്ന് വിഭാഗങ്ങളായിട്ടാണ്

ശേഷം പേജ് 8 ൽ

**അഹ്മദിയ്യാ വാർത്ത**

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ (അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ്) അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ ഹുസൂർ തിരുമനസ്സിന്റെ ആയുരാരോഗ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയം ഉണ്ടാകുന്നതിനും ദുആ ചെയ്തു കൊണ്ടിരിക്കുക. അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ.

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത് പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്, ഖാദിയാൻ

لَا اِلٰہَ اِلَّا اللّٰہُ مُحَمَّدٌ رَّسُوْلُ اللّٰہِ

**എഡിറ്റോറിയൽ**

# നീതിമാനായ വിധികർത്താവ്

തിരുനബി(സ) വാഗ്ദത്ത മഹ്ദി മസീഹിനെ കുറിച്ച് ശുഭവാർത്ത അറിയിച്ചുകൊണ്ട് അദ്ദേഹം ഈ ഉമ്മത്തിൽ ഹകമൻ അദ്‌ലൻ (നീതിമാനായ വിധികർത്താവ്) ആയി ആഗതനാകുമെന്ന് പ്രവചിച്ചിരുന്നു. ഹദീസിൽ പറയുന്നു:

يُوشِكُ مَنْ عَاشَ مِنْكُمْ أَنْ يَلْقَى عِيسَى ابْنَ مَرْيَمَ إِمَامًا مَهْدِيًّا وَحَكَمًا عَدْلًا، فَيَكْسِرَ الصَّلِيبَ، وَيَقْتُلَ الْخِنْزِيرَ

നിങ്ങളിൽ ജീവിച്ചിരിക്കുന്നവർ മർയമിന്റെ മകൻ ഈസായെ കണ്ടുമുട്ടുന്ന കാലം സമീപസ്ഥമായിരിക്കുന്നു. അദ്ദേഹം ഇമാം മഹ്ദിയും ഹകമും അദ്‌ലുമായിരിക്കും. അദ്ദേഹം കുരിശ് തകർക്കുകയും പന്നിയെ കൊല്ലുകയും ചെയ്യും. *(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ, വാല്യം 2, പേജ് 411, ഈജിപ്ത് പതിപ്പ്, അബൂഹുറയ്റ(റ)ന്റെ നിവേദനം)*

വാഗ്ദത്ത മസീഹ് ഹകമും അദ്‌ലും ആയിരിക്കും എന്ന്പറഞ്ഞതിന്റെ വിവക്ഷ, അദ്ദേഹത്തിന്റെ കാലത്ത് മുസ്‌ലിംകൾക്കിടയിൽ നിരവധി വിഭാഗങ്ങൾ ഉണ്ടാവുകയും അവർക്കിടയിൽ കഠിനമായ ഭിന്നതകൾ ഉടലെടുക്കുകയും ചെയ്യും എന്നാണ്. ഇസ്‌ലാമിക വിശ്വാസങ്ങളെയും കല്പനകളെയും മനസ്സിലാക്കുന്നതിൽ അവർ എത്ര ത്തോളം തെറ്റിദ്ധാരണകളിൽ അകപ്പെടുമെന്നാൽ, പണ്ഡിതന്മാർക്ക് പോലും പ്രസ്തുത ഭിന്നതകൾ പരിഹരിക്കാൻ സാധിക്കില്ല. അപ്പോൾ അല്ലാഹുവിന്റെ പ്രതിനിധിയായ ഇമാം മഹ്ദി ഇൽഹാം അഥവാ ദിവ്യബോധനത്തിന്റെ വെളിച്ചത്തിൽ ആ ഭിന്നതകളെ ദൂരീകരിക്കുന്നതാണ്.

അല്ലാഹു ഹദ്റത്ത് അഹ്മദ്(അ)നെ ഇമാം മഹ്ദിയും വാഗ്ദത്ത മസീഹും ഹകമും അദ്‌ലുമായി നിയോഗിച്ചപ്പോൾ, മുസ്‌ലിം വിഭാഗങ്ങൾക്കിടയിൽ ശക്തമായ ഭിന്നതകൾ നിലനിന്നിരുന്നു. സാധാരണക്കാർ മാത്രമല്ല, പണ്ഡിതന്മാരും പരസ്പരം വഴക്കു കൂടുകയായി രുന്നു. സ്വന്തം ഇഷ്ടപ്രകാരം കെട്ടിച്ചമച്ചുണ്ടാക്കിയ വിശ്വാസങ്ങൾ ഉപേക്ഷിക്കാൻ അവർ തയ്യാറായിരുന്നില്ലെന്ന് മാത്രമല്ല, എതിരാളികളെ പറഞ്ഞു മനസ്സിലാക്കുന്നതിന് പകരം മുസ്‌ലിം എന്ന് അവകാശപ്പെടുന്നവർ പരസ്പരം വാളെടുത്ത് പോരാടുകയായിരുന്നു. ഇപ്പോഴും അത് തുടരുന്നു. ചെറിയ കാര്യങ്ങളുടെ പേരിൽ പരസ്പരം കാഫിറുകളായി മുദ്രകുത്തി കഴുത്തറക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിക്കാത്തവരുടെ അവസ്ഥ ഇന്നും ഇതുതന്നെയാണ്.

ദൈവിക കല്പനയാലും ദിവ്യബോധനത്തിന്റെ വെളിച്ചത്തിലും ഹദ്റത്ത് മസീഹ് മൗഊദ്(അ) നടത്തിയ പരിഷ്കരണങ്ങളെ കുറിച്ച് പരാമർശിക്കുന്നതിന് മുമ്പ്, മുസ്‌ലിംകൾക്കിടയിൽ വ്യാപിച്ചിരുന്നതും ഹദ്റത്ത് മസീഹ് മൗഊദ്(അ) തിരുത്തിയതുമായ ചില തെറ്റായ വിശ്വാസങ്ങളെ കുറിച്ച് പറയാം:

### (1) ഈസാ നബി(അ)യുടെ മരണവും മടങ്ങിവരവും:

ക്രൈസ്തവ സ്വാധീനത്താൽ ഖുർആനും ഹദീസിനും വിരുദ്ധമായി ഈസാ നബി(അ) ഭൗതിക ശരീരത്തോടെ ആകാശത്ത് ജീവനോടെയിരിക്കുന്നുവെന്നും അതേ ശരീരത്തോടെ മുസ്‌ലിംകളെ പരിഷ്കരിക്കാൻ അദ്ദേഹം ആകാശത്തുനിന്ന് ഇറങ്ങിവരുമെന്നുമുള്ള ഒരു അബദ്ധ വിശ്വാസം മുസ്‌ലിംകൾക്കിടയിൽ പടർന്നിരുന്നു.

അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് പരിശുദ്ധ ഖുർആനിൽ നിന്ന് മുപ്പതോളം തെളിവുകൾ പഠിപ്പിച്ചു കൊടുക്കുകയും അങ്ങനെ ഈസാ നബി(അ)യെ അല്ലാഹു കുരിശുമരണത്തിൽ നിന്ന് രക്ഷിച്ചുവെന്നും, തുടർന്ന് അവിടെനിന്ന് പലായനം ചെയ്ത് ഇസ്രായീൽ വംശത്തിലെ കാണാതായ ആടുകളെ അന്വേഷിച്ച് കശ്മീരിലെത്തു കയും തന്റെ ദൗത്യ പൂർത്തീകരണത്തിനു ശേഷം 120ാം വയസ്സിൽ അവിടെ മരണപ്പെട്ടുവെന്നും തെളിവുകൾ സഹിതം സമർഥിച്ചു. ശ്രീനഗറിലെ ഖാനിയാർ തെരുവിൽ അദ്ദേഹത്തിന്റെ ഖബറിടം സ്ഥി തി ചെയ്യുന്നു. ഇന്ന് മുസ്‌ലിംകൾ മാത്രമല്ല, മറ്റു മതങ്ങളിലെ ചിന്തകരും ഗവേഷകരും ഈസാ നബി(അ)യുടെ മരണവും കശ്മീരിലേ ക്കുള്ള അദ്ദേഹത്തിന്റെ പലായനവും സ്ഥിരീകരിക്കുകയും അത്തരം പഠനങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

ഹദ്റത്ത് അഹ്മദ്(അ), ഈസാ നബി(അ)യുടെ മരണം തെളിയിച്ചതിലൂടെ യേശുക്രിസ്തു ദൈവമാണെന്നും ദൈവപുത്രനാണെന്നുമുള്ള ക്രൈസ്തവരുടെ മിഥ്യാവാദത്തെ മാത്രമല്ല ഈസാ നബി(അ) സ്ഥൂലശരീരവുമായി ആകാശത്തേക്ക് കരേറിയെന്നും അതേ ശരീരത്തോടെ തിരികെ വരുമെന്നുമുള്ള മുസ്‌ലിംകളുടെ തെറ്റായ വിശ്വാസത്തെയുമാണ് ഖണ്ഡിച്ചത്. ഈ മഹത്തായ സത്യം വെളിപ്പെട്ട തോടെ, മുസ്‌ലിംകളിലെയും ക്രൈസ്തവരിലെയും പണ്ഡിതന്മാർ അഹ്മദിയ്യത്ത് അഥവാ യഥാർത്ഥ ഇസ്‌ലാം സ്വീകരിച്ചുകൊണ്ടിരിക്കുന്നു. ഈ ഭാഗ്യം ലഭിക്കാത്തവർ വാഗ്ദത്ത മഹ്ദീ മസീഹിന്റെ ആഗ മനം ഒരു കെട്ടുകഥയായി തള്ളിക്കളയുന്നു. ഇവർ ഖുർആനെയും ഹദീസിനെയും മാത്രമല്ല, ഇമാം മഹ്ദിയുടെയും വാഗ്ദത്ത മസീഹിന്റെയും ആഗമനം പ്രതീക്ഷിച്ചിരിക്കുകയും ദിവ്യബോധനത്തിലൂടെ അതിനെക്കുറിച്ച് മുൻകൂട്ടി അറിയിക്കുകയും ചെയ്ത ഉമ്മത്തി ലെ ആയിരക്കണക്കിന് മഹാത്മാക്കളെയും നിഷേധിക്കുകയാണ് ചെയ്യുന്നത്.

### (2) നുബുവ്വത്ത് സംബന്ധിച്ച തെറ്റിദ്ധാരണ:

തിരുനബി(സ)ക്ക് ശേഷം അന്ത്യനാൾ വരെ ഇനി ഒരാളും പ്രവാചകനായി വരില്ലെന്നും, അത് തിരുനബി(സ)യുടെ ഉമ്മത്തിൽപ്പെട്ട ഒരാളായാൽ പോലും സാധ്യമല്ലെന്നുമുള്ള ഒരു തെറ്റിദ്ധാരണ മുസ്‌ലിംകൾക്കിടയിൽ വ്യാപിച്ചിരുന്നു.

എന്നാൽ, നബി(സ)നു ശേഷം നുബുവ്വത്ത് എന്നത് അല്ലാഹു ഇ പ്പോൾ തിരുനബി(സ)യുടെ ഉമ്മത്തിലുള്ളവർക്കായി മാത്രം പരിമിതപ്പെടുത്തിയ ഒരു പദവിയാണെന്ന് ഖുർആനിക തെളിവുകൾ സ ഹിതം ഹദ്റത്ത് മസീഹ് മൗഊദ്(അ) തെളിയിച്ചു. അദ്ദേഹം ഇപ്രകാരം പറയുന്നു:

ഞാൻ തിരുനബി(സ)യുടെ ഒരു ദാസനായതുകൊണ്ട്, ആ ദാസ്യത്വത്തിന്റെ അനുഗ്രഹത്താലാണ് അല്ലാഹു എനിക്ക് നുബുവ്വത്ത് എന്ന അനുഗ്രഹവും സംബോധനയും (മുകാലമ മുഖാത്വബ) നൽകിയത്.

തിരുനബി(സ)ക്ക് ശേഷം ഒരു പ്രവാചകനും വരില്ലെന്ന വിശ്വാസം വെച്ചുപുലർത്തുന്നവർ തന്നെ, ബനീ ഇസ്രായീൽ പ്രവാചകനായ ഈസാ നബി(അ) മുഹമ്മദിയ്യ ഉമ്മത്തിൽ തിരുനബി(സ)ക്ക് ശേഷം വരുമെന്ന് വിശ്വസിക്കുന്നതിലെ വൈരുദ്ധ്യം അദ്ദേഹം ചൂണ്ടിക്കാട്ടി. തിരുനബി(സ)യുടെ അനുയായിയായിക്കൊണ്ട് അവിടുത്തെ ഉമ്മത്തിൽ നിന്ന് ഒരാൾ പ്രവാചകനായി വരുന്നതിനെ നിഷേധിക്കുന്നത് തിരുനബി(സ)യെ അപമാനിക്കുന്നതിന് തുല്യമാണെന്നും അദ്ദേഹം വിശദീകരിച്ചു. അദ്ദേഹം പറയുന്നു:

ഞാൻ തിരുനബി(സ)യുടെ ഉമ്മത്തിയും അനുസാരിയുമല്ലായിരുന്നുവെങ്കിൽ, എന്റെ കർമ്മങ്ങൾ ലോകത്തിലെ പർവത സമാന മാ ണെങ്കിൽ പോലും ഈ ദൈവിക സംബോധന (മുകാലമ മുഖാത്വബ) എനിക്ക് ഒരിക്കലും ലഭിക്കുമായിരുന്നില്ല. കാരണം, മുഹമ്മദീയ നുബുവ്വത്ത് ഒഴികെ മറ്റെല്ലാ നുബുവ്വത്തുകളും ഇപ്പോൾ അടഞ്ഞു പോയിരിക്കുന്നു. ശരീഅത്തുള്ള ഒരു പ്രവാചകനും ഇനി വരില്ല. ശരീഅത്തില്ലാത്ത പ്രവാചകൻ വരാവുന്നതാണ്, പക്ഷേ അദ്ദേഹം ഒരു ഉമ്മത്തി ആയിരിക്കണം. *(തജല്ലിയാത്തെ ഇലാഹി, റൂഹാനി ഖസാഇൻ, വാല്യം 20, പേജ് 411,412)*

അൽഹംദുലില്ലാഹ്, കഴിഞ്ഞ ഒന്നേകാൽ നൂറ്റാണ്ടിനിടെ ലക്ഷക്കണക്കിന് ആളുകൾ തങ്ങളുടെ തെറ്റുകൾ തിരുത്തി ഹദ്റത്ത് മസീഹ് മൗഊദ്(അ)ൽ വിശ്വസിച്ചുകഴിഞ്ഞു. വലിയ അറബ് പണ്ഡിതന്മാർ പോലും തങ്ങളുടെ പിഴവുകൾ ബോധ്യപ്പെട്ടപ്പോൾ തിരുനബി(സ) യുടെമേലും അവിടുത്തെ ഈ സത്യസന്ധനായ ദാസനുമേലും സ്വലാത്ത് ചൊല്ലിക്കൊണ്ടിരിക്കുന്നു.

### (3) ജിഹാദ് സംബന്ധിച്ച തെറ്റിദ്ധാരണ:

വാളുകൊണ്ടുള്ള ജിഹാദ് ഇപ്പോഴും തുടരുന്നുവെന്നും, വരാനിരിക്കുന്ന ഇമാം മഹ്ദി വാളെടുത്ത് പോരാടി ഇസ്‌ലാം മതം പ്രചരിപ്പിക്കുമെന്നുമുള്ള ഖുർആനും ഹദീസിനും വിരുദ്ധമായ ഒരു അപകടകരമായ വിശ്വാസം മുസ്‌ലിംകൾക്കിടയിൽ പടർന്നിരുന്നു. എന്നാൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇതിനെക്കുറിച്ച് പറയുന്നു:

ഇമാം മഹ്ദിയുടെയും മസീഹ് മൗഊദിന്റെയും കാലത്ത് വാളു കൊണ്ടുള്ള ജിഹാദ് റദ്ദാക്കപ്പെടുമെന്ന് തിരുനബി(സ) വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ട്. ഹദീസിൽ മസീഹ് മൗഊദ് വരുമ്പോൾ യളഉൽ ഹർബ് അതായത് മസീഹ് മൗഊദ് യുദ്ധം അവസാനിപ്പിക്കും (ബുഖാരി, കിതാബുൽ അൻബിയാഅ്, ബാബു നുസൂലി ഈസബ്നു മർയം) വല യളഅന്നൽ ജിസിയ അതായത് അദ്ദേഹം ജിസിയ നിർത്തലാക്കും (മുസ്‌ലിം) എന്നും കാണാം.

ഹദ്റത്ത് മസീഹ് മൗഊദ്(അ) അല്ലാഹു തന്നെ ഈ കാലഘട്ടത്തിൽ ഇമാം മഹ്ദിയായും മസീഹ് മൗഊദായും നിയോഗിച്ചിരിക്കുന്നുവെന്നും വാളുകൊണ്ടുള്ള ജിഹാദ് നിർത്തലാക്കിയിരിക്കുന്നുവെ ന്നും വ്യക്തമാക്കിക്കൊണ്ട് അദ്ദേഹം പറയുന്നു:

അല്ലയോ മുസ്‌ലിം പണ്ഡിതന്മാരേ, മൗലവിമാരേ! എന്റെ വാക്ക് കേൾക്കുക! ഞാൻ സത്യം സത്യമായും പറയുന്നു, ഇത് ജിഹാദിന്റെ സമയമല്ല. ദൈവത്തിന്റെ പരിശുദ്ധ പ്രവാചകനെ അനുസരിക്കാത്തവരാകരുത്. വരാനിരുന്ന മസീഹ് മൗഊദ് വന്നുകഴിഞ്ഞു. വാളു കൊണ്ടും രക്തച്ചൊരിച്ചിലിലൂടെയുമുള്ള മതപരമായ യുദ്ധങ്ങളിൽ നിന്ന് ഇനിമുതൽ പിന്തിരിയണമെന്ന് അദ്ദേഹം കല്പിക്കുകയും ചെയ്തിരിക്കുന്നു. എന്നിട്ടും രക്തച്ചൊരിച്ചിലിൽ നിന്ന് പിന്തിരിയാതിരിക്കുന്നതും

ശേഷം പേജ് 11 ൽ

# ഖുത്ബ ജുമുഅ

## തൗഹീദിന്റെ സംസ്ഥാപനം: തിരുനബി(സ)യുടെ പരിശുദ്ധ ജീവിതത്തിലെ ഹൃദയസ്പർശിയായതും ഈമാൻ വർദ്ധിപ്പിക്കുന്നതുമായ വിവരണങ്ങൾ

**2026 ഫെബ്രുവരി 27, 1405 തബ്‌ലീഗ് 27 മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ് (സറേ), യു.കെ**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ایدہ اللہ تعالیٰ بنصرہ العزیز

اَشۡهَدُ اَنۡ لَّا اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡكَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَ رَسُوۡلُهٗ

اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ - بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ -

اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ○ الرَّحۡمٰنِ الرَّحِيۡمِ ○ مٰلِكِ يَوۡمِ الدِّيۡنِ ○ اِيَّاكَ نَعۡبُدُ وَاِيَّاكَ نَسۡتَعِيۡنُ ○

اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ○ صِرَاطَ الَّذِيۡنَ اَنۡعَمۡتَ عَلَيۡهِمۡ ۙ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ○

**തൗഹീദ് (അല്ലാഹുവിന്റെ ഏകത്വം) സ്ഥാപിക്കുന്നതിനും പ്രസ്തുത അധ്യാപനം ജനങ്ങൾക്ക് പകർന്നുനൽകുന്നതിനുമാണ് എല്ലാ പ്രവാചകന്മാരും ലോകത്തേക്ക് വന്നത്. എന്നാൽ നിർഭാഗ്യവശാൽ ഭൂരിഭാഗം ജനങ്ങളും ഈ അധ്യാപനത്തെ ഉപേക്ഷിച്ചു. തിരുനബി(സ)യും ഇതേ സന്ദേശവുമായാണ് വന്നത്. തന്റെ അനുയായികളിൽ തൗഹീദിന്റെ ചൈതന്യം പകർന്നുനൽകുക എന്ന അതേ ദൗത്യം മുന്നോട്ട് കൊണ്ടു പോകാനാണ് തിരുനബി(സ) ആഗതരായത്. കൂടാതെ, ഈ കാര്യത്തിൽ തിരുനബി(സ)യുടെ സ്ഥാനം മറ്റാർക്കും തന്നെയില്ല.**

**തിരുനബി(സ) ജനങ്ങളെ തൗഹീദ് സ്വീകരിക്കാൻ ഉപദേശിക്കുകയും, അല്ലാഹുവിൽ നിന്ന് ലഭിച്ച അറിവിന്റെ അടിസ്ഥാനത്തിൽ അതിനു ഉപോത്ബലകമായ തെളിവുകൾ സമർപ്പിക്കുകയും ചെയ്തു. ശിർക്കിനെതിരെ തിരുനബി(സ) പോരാടിയത് വെറും വാദങ്ങൾ കൊണ്ടല്ല. മറിച്ച് ശിർക്കിന്റെ തിന്മകളെക്കുറിച്ച് തിരുനബി(സ) വിശദീകരിക്കുകയും, അതിലൂടെ ജനങ്ങളിൽ അതിനോട് വിരക്തി ഉണ്ടാക്കുകയും ചെയ്തു. തൗഹീദ് എന്ന സങ്കല്പവും ശിർക്കിനോടുള്ള വിരക്തിയും തങ്ങളിൽ ആഴത്തിൽ വേരൂന്നിയതാണെന്ന് തിരുനബി(സ)യുടെ അനുയായികൾ തങ്ങളുടെ പ്രവൃത്തികളിലൂടെ കാണിച്ചുതരികയും ചെയ്തു.**

തിരുനബി(സ)ക്ക് അല്ലാഹു വെളിപ്പെടുത്തിക്കൊടുത്ത അധ്യാപനങ്ങൾ അത്രത്തോളം സമഗ്രവും സ്വാധീനമുള്ളതുമായിരുന്നു. അതിന്റെ ആഴം ഒരാൾ സത്യസന്ധമായി മനസ്സിലാക്കിക്കഴിഞ്ഞാൽ അതിൽ നിന്ന് മുഖം തിരിക്കുക അസാധ്യമായിരുന്നു.

**തന്റെ അനുയായികളെ വളരെയധികം സ്വാധീനിച്ച തിരുനബി(സ)യുടെ ഈ അധ്യാപനം അത്രമാത്രം ഫലപ്രദമായത് തിരുനബി(സ)യുടെ ഓരോ വാക്കും പ്രവൃത്തിയും അതിന്റെ യഥാർത്ഥ പ്രതിഫലനമായതുകൊണ്ടാണ്. അല്ലാഹു തനിക്ക് നൽകിയ ആ മഹത്തായ അധ്യാപനത്തിന്റെ ജീവിക്കുന്ന രൂപമായിരുന്നു തിരുനബി(സ).**

മറ്റ് ജനതകൾ തങ്ങളുടെ പ്രവാചകന്മാരെ ആരാധിക്കാൻ തുടങ്ങിയതുപോലെ മുസ്‌ലിം ഉമ്മത്തും ഈ കഠിനമായ പാപം സ്വീകരിക്കുമോ എന്നതായിരുന്നു തിരുനബി(സ)യുടെ പ്രധാന ആശങ്ക. അതിനാൽ, അല്ലാഹുവിന് തുല്യമായി തന്നെ പരിഗണിക്കുന്നതിൽ നിന്ന് തിരുനബി(സ) അല്ലഹുവിൽ അഭയം തേടി. മാത്രമല്ല, തിരുനബി(സ) ഇത് തന്റെ ഉമ്മത്തിനെ ഉപദേശിക്കുകയും തന്നെ ശിർക്കിനുള്ള ഒരു മാർഗമാക്കരുതെന്ന് നിർദ്ദേശിക്കുകയും ചെയ്തു. *(മുസ്നദ് അഹ്‌മദ് ബിൻ ഹമ്പൽ, വാല്യം 3, മുസ്നദ് അബി ഹുറൈറ, ഹദീസ് 7352, ആലം അൽ കുതുബ്, ബെയ്റൂത്ത്, 1998, പേജ് 54)*

അല്ലാഹു അല്ലാത്ത മറ്റാരിലും തങ്ങളുടെ പ്രതീക്ഷ വെക്കരുതെന്ന് തിരുനബി(സ) അവരെ പഠിപ്പിച്ചു.

കഴിഞ്ഞ ഖുത്ബകളിൽ അല്ലാഹുവിനോടുള്ള സ്നേഹത്തെക്കുറിച്ചും അവന്റെ ആരാധനയെക്കുറിച്ചും ഞാൻ ചർച്ച ചെയ്തിരുന്നു.

തിരുനബി(സ)യുടെ ജീവിതത്തിൽ നിന്ന് ഇതുമായി ബന്ധപ്പെട്ട് ഞാൻ വിവരിച്ച ഓരോ സംഭവവും നമ്മെ തൗഹീദിലേക്ക് നയിക്കുന്നു. തൗഹീദ് സ്ഥാപിക്കുന്നതിനായുള്ള തിരുനബി(സ)യുടെ ഹൃദയംഗമമായ അഭിനിവേശവും അഗാധമായ വാഞ്ഛയും ഒരാൾക്ക് അതിൽ കാണാൻ കഴിയും. ഒരു വശത്ത്, തൗഹീദ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് കുട്ടിക്കാലം മുതൽ അല്ലാഹു തിരുനബി(സ)ക്ക് നൽകിയ ഏറ്റവും ഉന്നതമായ പദവിയെ ഇത് പ്രതിഫലിപ്പിക്കുന്നു; അതോടൊപ്പം തന്നെ തിരുനബി(സ)ക്ക് വെളിപ്പെടുത്തിക്കൊടുത്ത അല്ലാഹുവിന്റെ പൂർണ്ണമായ അധ്യാപനത്തെക്കുറിച്ച് കൂടുതൽ ആഴത്തിലുള്ള ധാരണയും നമുക്ക് ലഭിക്കുന്നു.

**വിശുദ്ധ ഖുർആനിൽ അല്ലാഹു വിവിധ രീതികളിൽ തൗഹീദിനെക്കുറിച്ച് നമ്മെ ആവർത്തിച്ച് ഉപദേശിച്ചിട്ടുണ്ട്:**

ഉദാഹരണമായി സൂറത്തുൽ അമ്പിയായിൽ പറയുന്നു:

وَمَاۤ اَرۡسَلۡنَا مِنۡ قَبۡلِكَ مِنۡ رَّسُوۡلٍ اِلَّا نُوۡحِيۡۤ اِلَيۡهِ اَنَّهٗ لَاۤ اِلٰهَ اِلَّاۤ اَنَا فَاعۡبُدُوۡنِ

ഞാനല്ലാതെ മറ്റൊരു ആരാധ്യനുമില്ല, അതിനാൽ എന്നെ മാത്രം ആരാധിക്കുവിൻ എന്ന് ദിവ്യബോധനം നൽകിക്കൊണ്ടല്ലാതെ ഒരു ദൂതനേയും നിനക്ക് മുമ്പ് നാം അയച്ചിട്ടില്ല. (21:26)

**തൗഹീദിന്റെ എല്ലാ കടമകളും നിറവേറ്റിക്കൊണ്ട് തിരുനബി(സ)ക്ക് പഠിപ്പിക്കപ്പെട്ട ആരാധനാക്രമവും തിരുനബി(സ) ആരാധനകൾ നിർവഹിച്ചിരുന്ന രീതിയും മറ്റൊരു മതത്തിലും അതിന്റെ ഒരംശം പോലും കാണാൻ കഴിയാത്തത്ര ഉന്നതമായിരുന്നു.**

വിശുദ്ധ ഖുർആനിൽ അല്ലാഹു ഇപ്രകാരം പറയുന്നു:

قُلۡ اِنِّيۡۤ اُمِرۡتُ اَنۡ اَعۡبُدَ اللّٰهَ مُخۡلِصًا لَّهُ الدِّيۡنَ

പറയുക: അനുസരണം അല്ലാഹുവിന് മാത്രമാക്കിക്കൊണ്ട് അവനെ മാത്രം ആരാധിക്കാനാണ് ഞാൻ കൽപ്പിക്കപ്പെട്ടിരിക്കുന്നത്. (39:12)

അതുകൊണ്ട്, ഒരു യഥാർത്ഥ മുസ്‌ലിം ഇത് വായിക്കുമ്പോൾ, താനും പൂർണ്ണമായ നിഷ്കളങ്കതയോടെ അല്ലാഹുവിനെ ആരാധിക്കണമെന്നും, ദൈവത്തിന്റെ പരിശുദ്ധമായ ഏകത്വം സ്ഥാപിക്കാൻ പരിശ്രമിക്കണമെന്നും, വിശുദ്ധ ഖുർആനിലെ കല്പനയനുസരിച്ച് തിരുനബി(സ) സ്ഥാപിച്ച ആ മാതൃക പിന്തുടരണമെന്നും പ്രഖ്യാപിക്കും. തൗഹീദ് യഥാർത്ഥമായി സ്ഥാപിക്കുന്നതിനൊപ്പം നമ്മുടെ ആരാധനകളുടെ നിലവാരം ഉയർത്തുകയാണെങ്കിൽ നമുക്ക് യഥാർത്ഥ വിപ്ലവം കൊണ്ടുവരാൻ സാധിക്കും. അല്ലാത്തപക്ഷം അവ കേവലം അവകാശവാദങ്ങൾ മാത്രമായിരിക്കും. അപ്പോൾ മാത്രമേ ഏകദൈവത്തിലുള്ള യഥാർത്ഥ വിശ്വാസികളായി പരിഗണിക്കപ്പെടാൻ നാം അർഹരാവുകയുള്ളൂ.

തുടർന്ന് അല്ലാഹു പറയുന്നു:

وَاعۡبُدُوا اللّٰهَ وَلَا تُشۡرِكُوۡا بِهٖ شَيۡـئًا

നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുക; അവനോട് യാതൊന്നിനെയും പങ്കുചേർക്കരുത്. (4:37)

മറ്റൊരിടത്ത് അല്ലാഹു ഇപ്രകാരം പറയുന്നു:

وَاِلٰـهُكُمۡ اِلٰهٌ وَّاحِدٌ لَاۤ اِلٰهَ اِلَّا هُوَ الرَّحۡمٰنُ الرَّحِيۡمُ

നിങ്ങളുടെ ദൈവം ഏകദൈവമാകുന്നു. അവനല്ലാതെ യാതൊരു ആരാധ്യനുമില്ല. അവൻ പരമകാരുണികനും കരുണാനിധിയുമാകുന്നു. (2:164)

പിന്നീട് വിശുദ്ധ ഖുർആന്റെ അവസാന ഭാഗത്ത് അല്ലാഹു തന്റെ ഏകത്വത്തിന്റെ സ്ഥാപനത്തെക്കുറിച്ച് പ്രഖ്യാപിക്കുന്നു:

قُلۡ هُوَ اللّٰهُ اَحَدٌ ۚ اَللّٰهُ الصَّمَدُ ۚ لَمۡ يَلِدۡ ۙ وَلَمۡ يُوۡلَدۡ ۙ وَلَمۡ يَكُنۡ لَّهٗ كُفُوًا اَحَدٌ

പറയുക: അവൻ അല്ലാഹു ഏകനാകുന്നു. അല്ലാഹു നിരാശ്രയനാകുന്നു. അവൻ ജനിപ്പിച്ചിട്ടില്ല, ജനിക്കപ്പെട്ടിട്ടുമില്ല. അവന് തുല്യനായി ആരും തന്നെയില്ല. (112:25)

എല്ലാവിധത്തിലുള്ള ശിർക്കിനെയും അല്ലാഹു നിഷേധിക്കുകയും ഇത് ലോകത്തോട് പ്രഖ്യാപിക്കാൻ തിരുനബി(സ)യോട് കൽപ്പിക്കുകയും ചെയ്യുന്നു. അതിനാൽ, ഇത് വായിക്കുന്ന തിരുനബി(സ)യുടെ അനുയായികളെന്ന നിലയിൽ, ഈ അധ്യായത്തിലും വിശുദ്ധ ഖുർആനിലെ മറ്റു പലയിടങ്ങളിലും പ്രഖ്യാപിച്ചിട്ടുള്ള അല്ലാഹുവിന്റെ ഈ പരിശുദ്ധമായ ഏകത്വം വിളംബരം ചെയ്യുക എന്നത് നമ്മുടെയും കടമയാണ്. അല്ലാഹു മാത്രം ഏകനാണെന്നും അവൻ എല്ലാ ആവശ്യങ്ങളിൽ നിന്നും മുക്തനാണെന്നും എന്നാൽ മറ്റെല്ലാം അവനെ ആശ്രയിച്ചാണെന്നും നമ്മുടെ വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും ലോകത്തിന് നാം കാണിച്ചുകൊടുക്കണം. അവൻ ആരുടെയും പിതാവോ പുത്രനോ അല്ല, ആർക്കും ഒരിക്കലും അവന് തുല്യനാകാൻ കഴിയില്ല.

**മറ്റെല്ലാ മതങ്ങളിലും കാണപ്പെടുന്ന വികലമായ അധ്യാപനങ്ങളെ ഈ പ്രഖ്യാപനം നിഷേധിക്കുന്നു. ഈ അധ്യാപനം തന്നെയാണ് ഒരാളെ അല്ലാഹുവിലേക്ക് അടുപ്പിക്കുന്നത്. ഈ അധ്യാപനത്തിന്റെ ഏറ്റവും ഉന്നതവും ശ്രേഷ്ഠവുമായ മാതൃക നമ്മുടെ യജമാനരായ തിരുനബി(സ) യാണ്. തിരുനബി(സ)യുടെ ജീവിതത്തിലെ ഓരോ നിമിഷവും അല്ലാഹുവിന്റെ ഏകത്വം സ്ഥാപിക്കുന്നതിനായിട്ടാണ് ചെലവഴിച്ചത്.**

വാസ്തവത്തിൽ, നേരത്തെ സൂചിപ്പിച്ചത് പോലെ, തിരുനബി(സ)യുടെ ബാല്യകാലം മുതൽക്കേ പരിശുദ്ധമായ തൗഹീദ് സ്ഥാപിക്കുന്നതിനായി അല്ലാഹു നബി(സ)നെ വഴിനടത്തി. വിശുദ്ധ ഖുർആനിൽ നിന്നുള്ള ഏതാനും ഉദാഹരണങ്ങൾ മാത്രമാണ് ഞാൻ അവതരിപ്പിച്ചത്, എന്നാൽ വിശുദ്ധ ഖുർആൻ മുഴുവനായും ഈ സന്ദേശത്താൽ നിറഞ്ഞുനിൽക്കുന്നതാണ്.

**ബാല്യം മുതൽ പ്രവാചകത്വ ലബ്ധി വരെയും, തുടർന്ന് ജീവിതത്തിലുടനീളവും തൗഹീദ് സ്ഥാപിക്കുന്നതിനായി തിരുനബി(സ)ക്ക് ഉണ്ടായിരുന്ന ഹൃദയംഗമമായ ആഗ്രഹവും പരിശ്രമവും വെളിപ്പെടുത്തുന്ന ചില സംഭവങ്ങൾ ഞാൻ ഇനി അവതരിപ്പിക്കാം.**

തിരുനബി(സ)യുടെ പ്രകൃതം തൗഹീദിനോടുള്ള സ്നേഹം തിരുനബി(സ) യുടെ ഓരോ അംശത്തിലും അലിഞ്ഞുചേർന്നിരുന്നു. പ്രവാചകനായി നിയോഗിക്കപ്പെടുന്നതിന് മുമ്പ് തന്നെ ശിർക്കിനോടും വിഗ്രഹത്തോടും തിരുനബി(സ)ക്ക് സ്വാഭാവികമായ വിരക്തി ഉണ്ടായിരുന്നു.

ഹദ്റത്ത് ഉമ്മു അയ്മൻ(റ) നിവേദനം ചെയ്യുന്നു: ഖുറൈശികൾ ബുവാന എന്ന വിഗ്രഹത്തെ വളരെയധികം ആദരിച്ചിരുന്നു. അവർ അവിടെപോയി ബലികർമ്മങ്ങൾ നടത്താറുണ്ടായിരുന്നു. വർഷത്തിലൊരിക്കൽ ഒരു ദിവസം മുഴുവൻ ആ വിഗ്രഹത്തെ ആരാധിക്കാനായി അവർ മാറ്റിവെക്കുമായിരുന്നു. അബൂത്വാലിബ് തന്റെ ആളുകളോടൊപ്പം അവിടെ പോകുമ്പോൾ തിരുനബി(സ)യെയും കൂടെ കൊണ്ടുപോകാൻ ആഗ്രഹിച്ചിരുന്നു. എന്നാൽ തിരുനബി(സ) അത് നിരസിക്കുമായിരുന്നു. ഒരു സന്ദർഭത്തിൽ പ്രവാചകൻ(സ)ന്റെ അമ്മായിമാരും അബൂത്വാലിബും അത്യധികം അസ്വസ്ഥരായി ഇപ്രകാരം പറഞ്ഞു: അല്ലയോ മുഹമ്മദ്, നിനക്ക് എന്താണ് വേണ്ടത്? നീ നിന്റെ ആളുകളുടെ ഉത്സവത്തിൽ പങ്കുചേരുകയും അവരുടെ കൂട്ടായ്മയിൽ അംഗബലം വർദ്ധിപ്പിക്കുകയും ചെയ്യില്ലേ?

ഒടുവിൽ അമ്മായിമാരുടെ നിർബന്ധത്തിന് വഴങ്ങി തിരുനബി(സ) വിഗ്രഹത്തിനടുത്തേക്ക് പോയി, എന്നാൽ പെട്ടെന്നുതന്നെ വലിയ ഭയത്തോടെ മടങ്ങിവരികയും ഇപ്രകാരം പറയുകയും ചെയ്തു: ഞാൻ അവിടെ ഒരു വിചിത്രമായ കാഴ്ച കണ്ടു.

ഇത്രയും സൽസ്വഭാവിയായ ഒരാളെ പിശാചിന് ഉപദ്രവിക്കാൻ കഴിയില്ലെന്ന് പറഞ്ഞുകൊണ്ട് എന്താണ് കണ്ടതെന്ന് അമ്മായിമാർ ചോദിച്ചു. തിരുനബി(സ) മറുപടി നൽകി: ഞാൻ വിഗ്രഹത്തിനടുത്തേക്ക് ചെല്ലുമ്പോഴൊക്കെയും വെളുത്ത വസ്ത്രം ധരിച്ച ഒരാൾ ഉച്ചത്തിൽ ഇപ്രകാരം വിളിച്ചുപറയുന്നു: ഓ മുഹമ്മദ്, പിന്നോട്ട് മാറൂ, ഈ വിഗ്രഹത്തിൽ തൊടരുത്.

അതിനുശേഷം **തിരുനബി(സ) ഒരിക്കലും ബഹുദൈവാരാധകരുടെ ഉത്സ വങ്ങളിൽ പങ്കെടുത്തിട്ടില്ല. അത്തരം വിഗ്രഹാരാധനകളിൽ നിന്ന് അല്ലാഹു എപ്പോഴും തിരുനബി(സ)യെ സംരക്ഷിച്ചു.** *(ദലാഇലുന്നുബുവ്വ:, ബൈഹഖി, വാല്യം 1, പേജ് 138 ദാറുൽ കുതുബുൽ ഇൽമിയ്യ:, ബെയ്റൂത്ത്)*

ഇതൊക്കെയും പ്രവാചകത്വ വിളംബരത്തിന് മുമ്പുള്ള കാര്യമാണ്.

**ബാല്യകാലത്ത് തന്റെ പിതൃവ്യൻ അബൂത്വാലിബിനോടൊപ്പം സിറിയയിലേക്ക് നടത്തിയ യാത്രയിൽ ബഹീറ എന്ന ക്രിസ്ത്യൻ സന്യാസിയെ തിരുനബി(സ) കണ്ടുമുട്ടി.**

ബഹീറയുടെ ഒരു ചോദ്യത്തിന് മറുപടിയായി തിരുനബി(സ) പറഞ്ഞു:

**ലാത്തയെയും ഉസ്സയെയും (വിഗ്രഹങ്ങൾ) കുറിച്ച് എന്നോട് ചോദിക്കരുത്. ദൈവത്താണെ സത്യം, ഈ വിഗ്രഹങ്ങളേക്കാൾ കൂടുതൽ ഞാൻ മറ്റൊന്നിനെയും വെറുക്കുന്നില്ല.** *(ദലാഇലുന്നുബുവ്വ:, ബൈഹഖി, വാല്യം 2, പേജ് 35, ദാറുൽ കുതുബുൽ ഇൽമിയ്യ:, ബെയ്റൂത്ത്)*

**ഹദ്റത്ത് ഖദീജ(റ)യുടെ കച്ചവടച്ചരക്കുകളുമായി തിരുനബി(സ) സിറിയയിലേക്ക് യാത്ര ചെയ്തപ്പോൾ,** അവിടെ ചരക്കുകൾ വിൽക്കുകയും പകരം മറ്റ് സാധനങ്ങൾ വാങ്ങുകയും ചെയ്തു. ആ യാത്രയിൽ തിരുനബി(സ)യും മറ്റൊരാളും തമ്മിൽ ഒരു തർക്കമുണ്ടായി. ആ മനുഷ്യൻ പറഞ്ഞു: ലാത്തയുടെയും ഉസ്സയുടെയും നാമത്തിൽ സത്യം ചെയ്യൂ. അതായത്, തിരുനബി(സ) ആ വിഗ്രഹങ്ങളുടെ നാമത്തിൽ സത്യം ചെയ്താൽ മാത്രമേ അയാൾ വിശ്വസിക്കുകയുള്ളൂ എന്ന് പറഞ്ഞു. തിരുനബി(സ) മറുപടി നൽകി: ഞാൻ ഒരിക്കലും ഈ വിഗ്രഹങ്ങളുടെ നാമത്തിൽ സത്യം ചെയ്തിട്ടില്ല. അവയുടെ അരികിലൂടെ പോകുമ്പോൾ പോലും ഞാൻ മുഖം തിരിക്കാറാണ് പതിവ്. **ആ മനുഷ്യൻ തന്നോട് വിഗ്രഹങ്ങളുടെ നാമത്തിൽ സത്യം ചെയ്യാൻ ആവശ്യപ്പെടുകയാണെന്നും തനിക്ക് എങ്ങ നെ അത് ചെയ്യാൻ കഴിയുമെന്നും തിരുനബി(സ) ചോദിച്ചു.** *(അൽ തബഖാത്തുൽ കുബ്റാ, വാല്യം 1, പേജ് 124, ദാറുൽ കുതുബുൽ ഇൽമിയ്യ:, ബെയ്റൂത്ത്)*

**ഇതേ തൗഹീദ് കരസ്ഥമാക്കാനാണ് തിരുനബി(സ) ഹിറാ ഗുഹയിലേക്ക് പോയിരുന്നത്.**

ഇത് ഞാൻ മുമ്പും സൂചിപ്പിച്ചിട്ടുണ്ട്. ഏകനായ ദൈവത്തെ ആരാധിക്കുന്നതിനും അവന്റെ ഏകത്വം സ്ഥാപിക്കുന്നതിനുമായി തിരുനബി(സ)യുടെ ഹൃദയം വെമ്പൽ കൊണ്ടിരുന്നു.

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) ഇതിനെ ഇപ്രകാരം വിവരിക്കുന്നു:

മക്കയ്ക്കടുത്തുള്ള പർവതങ്ങൾക്കിടയിൽ, നഗരത്തിൽ നിന്ന് ഏകദേശം മൂന്ന് മൈൽ അകലെയുള്ള ഹിറ എന്ന പ്രശസ്തമായ പർവതത്തിലാണ് ഹിറാ ഗുഹ സ്ഥിതി ചെയ്യുന്നത്. ഇന്ന് ഇത് ജബലുന്നൂർ (പ്രകാശത്തിന്റെ പർവതം) എന്ന് വിളിക്കപ്പെടുന്നു. തിരുനബി(സ)ക്ക് തുടക്കം മുതലേ വിഗ്രഹങ്ങളോട് വിരക്തിയുണ്ടായിരുന്നു. എന്നാൽ വിഗ്രഹങ്ങളെ ആരാധിക്കുകയും ഏകനായ ദൈവത്തിൽ നിന്ന് അകന്നുപോവുകയും ചെയ്യുന്നവരെക്കുറിച്ച് തിരുനബി(സ)ക്ക് വലിയ ആശങ്കയുണ്ടായിരുന്നു. തിരുനബി(സ) സ്വയം ഇതിൽ നിന്ന് വിട്ടുനിൽക്കുക മാത്രമല്ല, വിഗ്രഹാരാധന നടത്തുന്നവരെക്കുറിച്ച് വ്യാകുലപ്പെടുകയും ചെയ്തിരുന്നു. പ്രവാചകത്വ ലബ്ധിക്ക് മുമ്പ്, ജനവാസ മേഖലകളിൽ നിന്ന് മാറി ആ ഗുഹയിൽ ഇരുന്ന് തിരുനബി(സ) ആരാധനകൾ നിർവഹിക്കാറുണ്ടായിരുന്നു.

തിരുനബി(സ)ക്ക് നാൽപ്പത് വയസ്സായപ്പോൾ ഒരു ദിവസം ജിബ്‌രീൽ(അ) പ്രത്യക്ഷപ്പെടുകയും ആദ്യത്തെ വെളിപാട് ഇറങ്ങുകയും ചെയ്തു. ഇതിലൂടെയാണ് അല്ലാഹു തിരുനബി(സ)യെ പ്രവാചകനായി നിയോഗിച്ചത്. ആ ആദ്യ വെളിപാടോടുകൂടി, തിരുനബി(സ) ജനങ്ങളെ ദൈവത്തിന്റെ ഏകത്വത്തിലേക്ക് വിളിക്കാനും ശിർക്കിനെതിരെ പ്രബോധനം നടത്താനും തുടങ്ങി. എങ്കിലും, തുടക്കത്തിൽ തിരുനബി(സ) തന്റെ ദൗത്യം പരസ്യമായി പ്രഖ്യാപിച്ചിരുന്നില്ല. മറിച്ച്, വളരെ ശാന്തമായി തന്റെ അടുത്ത വൃത്തത്തിലുള്ളവരിലേക്ക് മാത്രമായി പ്രബോധനം പരിമിതപ്പെടുത്തുകയായിരുന്നു.

*(സീറത്തു ഖാത്തമുന്നബിയ്യീൻ, പേജ് 117, 120) (ഫർഹംഗെ സീറത്ത്, പേജ് 101)*

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

തിരോഭവിച്ചുപോയ സത്യത്തെ ലോകത്തേക്ക് തിരികെ കൊണ്ടുവന്ന ഏറ്റവും മഹാനായ പരിഷ്കർത്താവായിരുന്നു നമ്മുടെ തിരുനബി(സ). ലോ കം മുഴുവൻ അന്ധകാരത്തിൽ മുഴുകിയിരിക്കുന്നതായി കാണുകയും ആ അന്ധകാരത്തെ പ്രകാശമാക്കി മാറ്റുകയും ചെയ്തു എന്ന സവിശേഷതയിൽ മറ്റൊരു പ്രവാചകനും തിരുനബി(സ)യോടൊപ്പം പങ്കുചേരുന്നില്ല. താൻ നിയോഗിക്കപ്പെട്ട ജനത മുഴുവനും ശിർക്കിന്റെ വസ്ത്രം ഉരിഞ്ഞെ റിഞ്ഞ് തൗഹീദിന്റെ അങ്കി അണിയുന്നത് വരെ തിരുനബി(സ) വഫാത്തായില്ല. അത് മാത്രമല്ല, അവർ വിശ്വാസത്തിന്റെ അത്യുന്നത തലങ്ങൾ കൈ വരിക്കുകയും ചെയ്തു. ലോകത്തെവിടെയും കാണാത്തവിധം അഭൂതപൂർവ്വമായ നിഷ്കളങ്കതയും വിശ്വസ്തതയും ദൃഢനിശ്ചയവുമാണ് അവർ പ്രകടിപ്പിച്ചത്. തിരുനബി(സ)ക്ക് ലഭിച്ചത് പോലെയുള്ള ഇത്തരമൊരു വിജയമോ അതിന്റെ ഉന്നതിയോ മറ്റൊരു പ്രവാചകനും കൈവരിച്ചിട്ടില്ല.

ലോകം അന്ധകാരത്തിൽ മുഴുകിയിരുന്നതും ഒരു മഹാനായ പരിഷ്കർത്താവിനെ അത്യന്തം ആവശ്യമായിരുന്നതുമായ ഒരു കാലഘട്ടത്തിൽ തിരുനബി(സ) തന്റെ സാന്നിധ്യം കൊണ്ട് ലോകത്തെ അനുഗ്രഹിച്ചു എന്നതാണ് തിരുനബി(സ)യുടെ പ്രവാചകത്വത്തിന് അനുകൂലമായ പ്രധാന തെളിവ്. ലക്ഷക്കണക്കിന് ആളുകൾ ശിർക്കും വിഗ്രഹാരാധനയും ഉപേക്ഷിച്ച് തൗഹീദും സന്മാർഗവും സ്വീകരിക്കുന്നത് വരെ തിരുനബി(സ) വഫാത്തായില്ല. തിരുനബി(സ)ക്ക് അല്ലാതെ മറ്റാർക്കും ഇത്ര വലിയൊരു പരിഷ്കരണം കൊണ്ടുവരാൻ സാധിക്കുമായിരുന്നില്ല.

**മൃഗതുല്യരും ക്രൂരന്മാരുമായിരുന്ന ഒരു ജനതയെ തിരുനബി(സ) മാനുഷിക മൂല്യങ്ങൾ പഠിപ്പിച്ചു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, തിരുനബി(സ) മൃഗങ്ങളെ മനുഷ്യരായും, മനുഷ്യരെ പരിഷ്കൃത മനുഷ്യരായും, പരിഷ്കൃത മനുഷ്യരെ ദൈവഭക്തരായ മനുഷ്യരായും മാറ്റിത്തീർത്തു. തിരുനബി(സ) അവരിൽ ആത്മീയ ഗുണങ്ങൾ നിറയ്ക്കുകയും സത്യദൈവവുമാ**

**• ഹദീഥുന്നബ്‌വി ﷺ •**

**"അക്‌രിമൂ ഔലാദക്കും."**
**നിങ്ങൾ നിങ്ങളുടെ മക്കളെ ആദരിക്കുക.**

ത്വാലിബെ ദുആ
C. K.MUHAMMED SHAREEF&FAMILY
AHMADIYYA JAMA-ATH VANIYAMBALAM,

**• ഹദീഥുന്നബ്‌വി ﷺ •**

**"അൽഅമാനത്തു ഇസ്സുൻ."**
**വിശ്വസ്തത അന്തസ്സാണ്.**

ത്വാലിബെ ദുആ
LATE T.K.SIDHIQUE AND FAMILY
KARULAI, MALAPPURAM

**യുള്ള അവരുടെ ബന്ധം സ്ഥാപിക്കുകയും ചെയ്തു.** അല്ലാഹുവിന്റെ മാർഗത്തിൽ അവർ ആടുകളെപ്പോലെ അറുക്കപ്പെടുകയും ഉറുമ്പുകളെപ്പോലെ ചവിട്ടിമെതിക്കപ്പെടുകയും ചെയ്തു, എങ്കിലും അവർ തങ്ങളുടെ വിശ്വാസത്തിൽ ഉറച്ചുനിൽക്കുകയും ഓരോ കഷ്ടപ്പാടുകൾക്കിടയിലും മുന്നോട്ട് ഗമിക്കുകയും ചെയ്തു.

**ലോകത്ത് ആത്മീയത സ്ഥാപിച്ചതിലൂടെ നമ്മുടെ തിരുനബി(സ) സംശയലേശമന്യേ രണ്ടാമത്തെ ആദമാണ്. മറിച്ച്, തിരുനബി(സ) യാണ് യഥാർത്ഥ ആദം; കാരണം തിരുനബി(സ)യിലൂടെയാണ് എല്ലാ മാനുഷിക ഗുണങ്ങളും അവയുടെ പൂർണ്ണതയിലെത്തിയത്. നന്മയ്ക്കായുള്ള എല്ലാ ശക്തികളും അതത് മേഖലകളിൽ സജീവമാകുകയും മനുഷ്യപ്രകൃതിയുടെ ഒരു ശാഖയും നിഷ്ക്രിയമല്ലാതാകുകയും ചെയ്തു. കാലാതീതത്വം കൊണ്ടു മാത്രമല്ല മറിച്ച് പ്രവാചകത്വത്തിന്റെ എല്ലാ പൂർണ്ണതകളും തിരുനബി (സ)യിൽ അവസാനിച്ചതുകൊണ്ടും തിരുനബി(സ)ൽ ഖത്തമുന്നുബുവ്വത്ത് സംഭവിച്ചു.**

*(ലക്ചർ സിയാൽകോട്ട്, റൂഹാനി ഖസാഇൻ, ഭാഗം:20, പേജ് 206,207)*

മറ്റൊരിടത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇപ്രകാരം പറയുന്നു:

അല്ലാഹുവേ, നിന്നിലേക്കുള്ള പാതയിലേക്ക് ഞങ്ങളെ നയിച്ചതിനും നിന്റെ പരിശുദ്ധ ഗ്രന്ഥങ്ങൾ അവതരിപ്പിച്ചുകൊണ്ട് ചിന്തയിലും യുക്തിയിലുമുള്ള പിഴവുകളിൽ നിന്ന് ഞങ്ങളെ രക്ഷിച്ചതിനും നിനക്ക് അനന്തമായ നന്ദി!

പ്രവാചകന്മാരുടെ നേതാവായ ഹദ്റത്ത് മുഹമ്മദ് മുസ്തഫ(സ)യുടെ മേലും അദ്ദേഹത്തിന്റെ കുടുംബത്തിന്മേലും അനുചരന്മാരുടെ മേലും അനുഗ്രഹങ്ങൾ വർഷിക്കുമാറാകട്ടെ. അല്ലാഹു വഴിതെറ്റിപ്പോയ ഒരു ലോകത്തെ മുഴുവൻ തിരുനബി(സ)യിലൂടെ സന്മാർഗത്തിലേക്ക് നയിച്ചു. വഴിപിഴച്ച ജനങ്ങളെ നേരായ പാതയിലേക്ക് തിരിച്ചുകൊണ്ടുവന്ന അധ്യാപകനും ഉപകാരിയുമായിരുന്നു തിരുനബി(സ). ശിർക്കിൽ നിന്നും വിഗ്രഹങ്ങളുടെ ശാപത്തിൽ നിന്നും ജനങ്ങളെ മോചിപ്പിച്ച ദയാലുവും കരുണാനിധിയുമായ വ്യക്തി; തൗഹീദിന്റെ പ്രകാശം കൊണ്ട് ലോകത്തെ പ്രകാശിപ്പിച്ച ജ്യോതിസ്സും പ്രകാശവാഹകനും; രോഗാതുരമായ ഹൃദയങ്ങളെ പുണ്യത്തിന്റെ പാതയിലൂടെ സഞ്ചരിക്കാൻ പ്രാപ്തനാക്കിയ സൗഖ്യദായകനും വൈദ്യനും; ജീവാമൃതം കൊണ്ട് മരിച്ചവരെ ഉയിർപ്പിച്ച ശ്രേഷ്ഠനായ അത്ഭുതപ്രവർത്തകൻ; തന്റെ ഉമ്മത്തിന് വേണ്ടി വേദനകളും ദു:ഖങ്ങളും അനുഭവിച്ച കാരുണ്യവാനും ദയാമയനും; മരണത്തിന്റെ വായയിൽ നിന്ന് നമ്മെ രക്ഷിച്ച ധീരനും പരാക്രമശാലിയും; തന്റെ നാഥന്റെ മുമ്പിൽ പൂർണ്ണമായി കീഴടങ്ങുകയും സ്വന്തത്തെ പാടെ ഇല്ലാതാക്കുകയും ചെയ്ത വിനീതനും നിസ്വാർത്ഥനും; അല്ലാഹുവിന്റെ മഹത്വത്തെയല്ലാതെ മറ്റൊന്നിനെയും ഭയപ്പെടാത്തവനും അവനല്ലാത്ത മറ്റെല്ലാം നിസ്സാരമായി കാണുന്നവനുമായ തൗഹീദിലെ പരിപൂർണ്ണ വിശ്വാസിയും ജ്ഞാനസാഗരവും; അക്ഷരാഭ്യാസമില്ലാത്തവനായിട്ടും ദൈവിക ജ്ഞാനത്തിൽ എല്ലാവരെയും പിന്നിലാക്കുകയും എല്ലാ ജനതകളെയും അവരുടെ തെറ്റുകളെയും പിഴവു കളെയും കുറിച്ച് ബോധ്യപ്പെടുത്തുകയും ചെയ്ത ദൈവിക ശക്തിയുടെ അത്ഭുതവുമാണ് തിരുനബി(സ). *(ബറാഹീനെ അഹ്മദിയ്യാ ഭാഗം 1, റൂഹാനി ഖസാഇൻ ഭാഗം 1, പേജ് 17)*

മറ്റൊരു സ്ഥലത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ) എഴുതുന്നു:

**ഇന്ന് തൗഹീദ് അതിന്റെ പരിശുദ്ധമായ രൂപത്തിൽ, തിരുനബി(സ) യുടെ അനുയായികളിലല്ലാതെ ഭൂമുഖത്തുള്ള മറ്റൊരു ജനതയിലും കാണാൻ സാധ്യമല്ല. ദശലക്ഷക്കണക്കിന് ആളുകളെ ഈ പരിശുദ്ധ സിദ്ധാന്തത്തിൽ ഉറപ്പിച്ചു നിർത്തുകയും മനുഷ്യവർഗത്തെ ഏകസത്യ ദൈവത്തിലേക്ക് ഇത്രയധികം ഭക്തിയോടെ നയിക്കുകയും ചെയ്യുന്ന വിശുദ്ധ ഖുർആൻ അല്ലാതെ മറ്റൊരു ഗ്രന്ഥവും ഭൂമിയിലില്ല.**

ഓരോ മതത്തിലെയും ആളുകൾ തങ്ങൾക്കായി കൃത്രിമ ദൈവങ്ങളെ സൃഷ്ടിച്ചിട്ടുണ്ട്, എന്നാൽ മുസ്‌ലിംകളുടെ ദൈവം ഏകനും നിത്യനും മാറ്റമില്ലാത്തവനുമാണ്. അവന്റെ ഗുണവിശേഷങ്ങൾ പണ്ട് എപ്രകാരമായിരുന്നോ അപ്രകാരം തന്നെയാണ് ഇന്നും നിലനിൽക്കുന്നത്.

*(ബറാഹീനെ അഹ്മദിയ്യാ ഭാഗം 2, റൂഹാനി ഖസാഇൻ ഭാഗം 1, പേജ് 117,118)*

എന്നാൽ **ഖേദകരമെന്നു പറയട്ടെ! ഇന്ന് തിരുനബി(സ)യുടെ അനുയായികൾ പോലും തൗഹീദിന്റെ മഹത്വം മറന്നുകൊണ്ടിരിക്കുകയാണ്. അല്ലാഹു കൽപ്പിച്ചതും തിരുനബി(സ) അത്രമേൽ വേദനയോടെയും മാർഗ്ഗനിർദ്ദേശങ്ങളോടെയും പകർന്നു നൽകിയതുമായ ആ യഥാർത്ഥ തൗഹീദ് ഇന്ന് അവരുടെ ഇടയിൽ നിലനിൽക്കുന്നില്ല.**

പരിശുദ്ധമായ തൗഹീദിനെ അവഗണിച്ചതുമൂലം, അല്ലാഹുവിന്റെ ഗുണവിശേഷങ്ങളിലുള്ള വിശ്വാസം പോലും ഒരു യഥാർത്ഥ മുസ്‌ലിമിന് ഉണ്ടായിരിക്കേണ്ട നിലവാരത്തിൽ നിന്ന് ദുർബലപ്പെട്ടിരിക്കുന്നു.

ഇങ്ങനെയുള്ള സാഹചര്യങ്ങളിൽ, **തിരുനബി(സ)യുടെ യഥാർത്ഥ ദാസനെ (ഹദ്റത്ത് മസീഹ് മൗഊദ്(അ)) പിന്തുടരുന്നു എന്ന് അവകാശപ്പെടുന്നവരുടെ കടമ തൗഹീദിന്റെ യാഥാർത്ഥ്യം മനസ്സിലാക്കുകയും അതിനായി തങ്ങളിൽ പ്രത്യേക മാറ്റങ്ങൾ ഉണ്ടാക്കുകയും ചെയ്യുക എന്നതാണ്.** ഇത് ആരാധനയ്ക്കായി മാറ്റിവെക്കപ്പെട്ട റമദാൻ മാസമാണ്; ഈ ലക്ഷ്യത്തിനായി ഈ മാസത്തിൽ പ്രത്യേക പരിശ്രമങ്ങൾ നടത്തുകയും ദു:ആകൾ ചെയ്യുകയും വേണം.

**തിരുനബി(സ)യോടുള്ള സ്നേഹമാണ് നാം അവകാശപ്പെടുന്നതെങ്കിൽ, തൗഹീദ് സ്ഥാപിക്കുന്നതിനായി നബി(സ) തന്റെ ജീവിതത്തിലുടനീളം ചെയ്തതുപോലെ നമ്മളും ആത്മാർത്ഥമായി പരിശ്രമിക്കണം.** അല്ലാഹുവിന്റെ കൽപ്പനയാൽ, അവന്റെ ഏകത്വം സ്ഥാപിക്കാനുള്ള പരിശ്രമത്തിൽ നബി(സ) കഷ്ടപ്പാടുകളും വേദനകളും സഹിച്ചു.

ഇതിനെക്കുറിച്ച് വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഒരിടത്ത് ഇപ്രകാരം പ്രസ്താവിക്കുന്നു:

വിശുദ്ധ ഖുർആനിൽ അല്ലാഹു തിരുനബി(സ)യോട് പറയുന്നു:

أَنْذِرْ عَشِيْرَتَكَ الْأَقْرَبِيْنَ

നിന്റെ അടുത്ത ബന്ധുക്കൾക്ക് നീ മുന്നറിയിപ്പ് നൽകുക. (26:215)

അല്ലയോ റസൂലുല്ലാഹ്! ലോകത്തിന്റെ ഓരോ കോണിലുമുള്ള ആളുകൾക്ക് മുന്നറിയിപ്പ് നൽകുക, എന്നാൽ ആദ്യം താങ്കളുടെ സ്വന്തം ബന്ധുക്കൾക്ക് മുന്നറിയിപ്പ് നൽകുക. കാരണം അവരോടുള്ള താങ്കളുടെ കടമകൾ ഇരട്ടിയാണ്: ഒന്ന്, ലോകത്ത് മറ്റുള്ളവരെപ്പോലെ അവരും നശിച്ചുകൊണ്ടിരിക്കുകയാണ്; രണ്ട്, അവർ താങ്കളുടെ ബന്ധുക്കളാണ്, അവരുടെ പൂർവ്വികർ ഒരിക്കൽ താങ്കളോട് ദയയോടെ പെരുമാറിയവരുമാണ്.

Charity begins at home (ധർമ്മം വീട്ടിൽ നിന്ന് തുടങ്ങണം) എന്നൊരു പ്രശസ്തമായ ഇംഗ്ലീഷ് പഴഞ്ചൊല്ലുണ്ട്. അതായത്, ദാനധർമ്മങ്ങൾ സ്വന്തം വീട്ടിൽ നിന്നാണ് ആരംഭിക്കേണ്ടത്. അതുപോലെ, ഉപദേശനിർദ്ദേശങ്ങളുടെ പ്രക്രിയയും എപ്പോഴും സ്വന്തം വീട്ടിൽ നിന്ന് തന്നെ തുടങ്ങണം.

അതനുസരിച്ച്, മക്കയിലെ ആചാരപ്രകാരം സഫാ മലമുകളിൽ നിന്നുകൊണ്ട് വിവിധ ഗോത്രങ്ങളുടെ പേര് വിളിച്ചുകൊണ്ട് തിരുനബി(സ) ഈ കൽപ്പന നിറവേറ്റി.

ആദ്യം തിരുനബി(സ) **ഗാലിബ്** ഗോത്രത്തെ വിളിച്ചു; അവർ മസ്ജിദുൽ ഹറാമിൽ നിന്ന് പുറത്തുവന്ന് സഫാ മലയുടെ താഴെ ഒത്തുകൂടി. ആ സമയത്ത് അബൂലഹബ് തിരുനബി(സ)യോട് പറഞ്ഞു: ഗാലിബ് ഗോത്രം എത്തിക്കഴിഞ്ഞു; താങ്കൾക്ക് പറയാനുള്ളത് എന്താണെങ്കിലും പറഞ്ഞോളൂ.

തിരുനബി(സ) അബൂലഹബിന്റെ വാക്കുകൾക്ക് ചെവികൊടുക്കാതെ ലുഅയ്യ് ഗോത്രത്തെ വിളിച്ചു. അവർ വന്നപ്പോൾ അബൂലഹബ് വീണ്ടും പറഞ്ഞു: ഇപ്പോൾ ലഅയ്യ് ഗോത്രവും എത്തിയിരിക്കുന്നു, താങ്കൾക്ക് പറയാനുള്ളത് പറയൂ. പക്ഷെ തിരുനബി(സ) അബൂലഹബിന്റെ വാക്കുകളെ പരിഗണിച്ചില്ല.

തുടർന്ന് മുർറ ഗോത്രത്തെ വിളിച്ചു, അവരും അവിടെ എത്തിച്ചേർന്നു. തുടർന്ന് കിലാബ്, ഖുസയ്യ് എന്നീ ഗോത്രങ്ങളെയും അവർ ഒത്തുകൂടുന്നത് വരെ തിരുനബി(സ) വിളിച്ചുകൊണ്ടിരുന്നു. നേരിട്ട് വരാൻ കഴിയാത്തവർ എന്തിനാണ് തങ്ങളെ വിളിച്ചുകൂട്ടിയതെന്ന് അറിയാൻ ദൂതന്മാരെ അയച്ചു. ഖുറൈശികൾ ഉൾപ്പെടെ മക്കയിലെ എല്ലാ ഗോത്രങ്ങളും ഒത്തു ചേർന്നപ്പോൾ തിരുനബി(സ) അവരെ അഭിസംബോധന ചെയ്തുകൊണ്ട് ചോദിച്ചു:

ഈ മലയ്ക്കു പിന്നിൽ നിങ്ങളെ ആക്രമിക്കാൻ ലക്ഷ്യമിട്ട് ഒരു വലിയ സൈന്യം ഒത്തുകൂടിയിട്ടുണ്ടെന്ന് ഞാൻ നിങ്ങളോട് പറഞ്ഞാൽ നിങ്ങൾ എന്നെ വിശ്വസിക്കുമോ?

അവർ പറഞ്ഞു: തീർച്ചയായും! ഞങ്ങൾ താങ്കളെ നിസ്സംശയം വിശ്വസിക്കും. കാരണം താങ്കളെ സത്യസന്ധനും വിശ്വസ്തനുമായി മാത്രമാണ് ഞങ്ങൾ കണ്ടിട്ടുള്ളത്..

മക്കയിലെ സാഹചര്യങ്ങൾ അറിയുന്നവർക്കറിയാം, തിരുനബി(സ) ഉന്നയിച്ച ആ ചോദ്യം അസാധ്യമായ ഒരു കാര്യം വിശ്വസിക്കാൻ പറയുന്നതിന് തുല്യമായിരുന്നു. മക്കക്കാരുടെ മൃഗങ്ങൾ മേയാറുള്ള ആ താഴ്‌വരയിൽ ഒരു സൈന്യത്തിന് ഒളിച്ചിരിക്കുക എന്നത് തികച്ചും അസാധ്യമായ ഒന്നായിരുന്നു. എന്നിട്ടും തിരുനബി(സ) യുടെ സത്യസന്ധത അവരിൽ ചെലുത്തിയ സ്വാധീനം എത്രത്തോളമെന്നാൽ അവർ ഇപ്രകാരം പറഞ്ഞു: **ഞങ്ങളുടെ കണ്ണുകൾ കൊണ്ട് അത് കാണാൻ കഴിഞ്ഞില്ലെങ്കിൽ പോലും ഞങ്ങൾ താങ്കളെ വിശ്വസിക്കും. കാരണം ഞങ്ങളുടെ കാഴ്ചപ്പാടിൽ താങ്കളുടെ സത്യസന്ധത സംശയാതീതമാണ്.**

തിരുനബി(സ)യെക്കുറിച്ച് അവർ ഏകകണ്ഠമായി ഇത്തരമൊരു ഉറപ്പും വിശ്വാസവും പ്രകടിപ്പിച്ചപ്പോൾ തിരുനബി(സ) പറഞ്ഞു:

എങ്കിൽ **കേൾക്കുക. പ്രധാനപ്പെട്ട ഒരു അറിയിപ്പ് എനിക്ക് നൽകാനുണ്ട്. അല്ലാഹു എന്നെ അവന്റെ ദൂതനായി നിയോഗിച്ചിരിക്കുന്നു. അതിനാൽ, അല്ലാഹുവിന്റെ ശിക്ഷ**


• ഹദീഥുന്നബ്‌വി ﷺ •

“തഅല്ലമുൽയഖീന.”
ദൃഢജ്ഞാനം ആർജിക്കുവിൻ.

ത്വാലിബെ ദുആ
LATE P.V.SAINAB AND FAMILY
KARULAI, MALAPPURAM

**യിൽ നിന്ന് രക്ഷപ്പെടാൻ നിങ്ങൾ ആഗ്രഹിക്കുന്നുണ്ടെങ്കിൽ എന്നെ പിന്തുടരുക.**

ഇത് കേട്ട ഉടനെ അബൂലഹബ് ദേഷ്യത്തോടെ വിളിച്ചുപറഞ്ഞു:

تَبًّا لَكَ سَائِرَ الْأَيَّامِ أَلِهٰذَا جَمَعْتَنَا

അതായത് (നഊദുബില്ലാഹ്) നീ നശിച്ചുപോകട്ടെ! ഇതിനാണോ നീ ഞങ്ങളെ വിളിച്ചുകൂട്ടിയത്? അതുപോലെ മറ്റുള്ളവരും പരിഹസിച്ചും കളിയാക്കിയും അവിടെനിന്നും പിരിഞ്ഞുപോയി. *(തഫ്സീറേ കബീർ (2023), വാല്യം 9, പേജ് 582,583)*

എന്നിട്ടും ഈ പരിഹാസങ്ങളോ എതിർപ്പുകളോ അല്ലാഹുവിന്റെ ഏകത്വം സ്ഥാപിക്കാനുള്ള പരിശ്രമത്തിൽ നിന്ന് തിരുനബി(സ)യെ പിന്തിരിപ്പിച്ചില്ല. തിരുനബി(സ) ആ ദൗത്യത്തിൽ ഉറച്ചുനിന്നു.

ചരിത്രരേഖകളുടെ അടിസ്ഥാനത്തിൽ ഹദ്റത്ത് മിർസാ ബശീർ അഹ്മദ്(റ) ഈ എതിർപ്പിനെ ഇപ്രകാരം വിവരിക്കുന്നു:

തിരുനബി(സ)യുടെ ദൗത്യത്തിന്റെ മഹത്വത്തിന് ആനുപാതികമായിരുന്നു നബി(സ)ന് നേരിടേണ്ടി വന്ന എതിർപ്പ്. അന്ധകാരം അത്യന്തം പടർന്നുപിടിച്ച ഒരു കാലഘട്ടത്തിലാണല്ലോ തിരുനബി(സ) നിയോഗിക്കപ്പെട്ടത്; പ്രകാശം ഉദിക്കുമ്പോൾ തമസ്സിന്റെ സൈന്യം തങ്ങളുടെ സർവ്വശക്തിയും ഉപയോഗിച്ച് പൊരുതുക എന്നത് അനിവാര്യമാണല്ലോ. അതുതന്നെയാണ് ഇവിടെയും സംഭവിച്ചത്. കഴിഞ്ഞുപോയ എല്ലാ പ്രവാചകന്മാരേക്കാളും വലിയ എതിർപ്പായിരുന്നു തിരുനബി(സ)ക്ക് നേരിടേണ്ടി വന്നത്. ഈ എതിർപ്പിനുള്ള പ്രധാന കാരണങ്ങൾ താഴെ പറയുന്നവയാണ്:

ഒന്നാമതായി, ഖുറൈശികൾ അങ്ങേയറ്റം വിഗ്രഹാരാധകരായിരുന്നു. വിഗ്രഹങ്ങളോടുള്ള ആദരവും സ്നേഹവും അവരുടെ ഹൃദയങ്ങളിൽ എത്രത്തോളം പതിഞ്ഞിരുന്നുവെന്നാൽ അവയ്ക്കെതിരെയുള്ള ഒരു വാക്കുപോലും കേൾക്കുന്നത് അവർക്ക് അസഹനീയമായിരുന്നു. അല്ലാഹുവിനെ മാത്രം ആരാധിക്കാനായി നിർമ്മിക്കപ്പെട്ട കഅ്ബയിൽ ഈ അക്രമികൾ നൂറുകണക്കിന് വിഗ്രഹങ്ങളെ പ്രതിഷ്ഠിച്ചിരുന്നു. തങ്ങളുടെ എല്ലാ ആവശ്യങ്ങൾക്കുമായി അവർ ഈ വിഗ്രഹങ്ങളെയായിരുന്നു അഭയം പ്രാപിച്ചിരുന്നത്. ഇസ്ലാം വന്നപ്പോൾ അതിന്റെ പ്രധാന അടിസ്ഥാനം തൗഹീദ് ആയിരുന്നു; ഒരു മനുഷ്യന്റെയോ മരത്തിന്റെയോ കല്ലിന്റെയോ നക്ഷത്രത്തിന്റെയോ മുമ്പിൽ തലകുനിക്കരുത് എന്നതായിരുന്നു അതിന്റെ വ്യക്തമായ കല്പന. മറിച്ച് അത് പറയുന്നു:

وَاسْجُدُوا لِلّٰهِ الَّذِي خَلَقَهُنَّ

നിങ്ങൾ അവയെ സൃഷ്ടിച്ച അല്ലാഹുവിന് മുന്നിൽ സുജൂദ് ചെയ്യുവിൻ. (41:38)

കൂടാതെ, വിശുദ്ധ ഖുർആനിൽ ഖുറൈശികളുടെ വിഗ്രഹങ്ങളെ വിവരിക്കാൻ ഉപയോഗിച്ച വാക്കുകൾ അവർക്ക് വലിയ അപമാനമായി തോന്നി; കാരണം അവ നരകത്തിലെ വിറകുകളാണെന്ന് പ്രഖ്യാപിക്കപ്പെട്ടു. ഈ പ്രസ്താവനകൾ ഖുറൈശികൾക്കിടയിൽ ഒരു തീജ്വാല പടർത്തുകയും ഇസ്ലാമിനെ ഇല്ലാതാക്കാൻ അവർ ഒന്നടങ്കം എഴുന്നേൽക്കുകയും ചെയ്തു. *(സീറത്ത് ഖാത്തമുന്നബിയ്യീൻ, വാല്യം 1, പേജ് 186,187)*

മറ്റു പല കാരണങ്ങളും ഉണ്ടായിരുന്നുവെങ്കിലും ഇതായിരുന്നു അതിൽ പ്രധാനമായ ഒരു കാരണം.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

“അല്ലാഹുവിങ്കൽ നിന്ന് ഒരു പ്രവാചകനോ ദൂതനോ വരുമ്പോൾ, അദ്ദേഹത്തിന്റെ അനുയായികൾ പെട്ടെന്ന് പുരോഗതി പ്രാപിക്കാൻ സാധ്യതയുള്ള, സത്യസന്ധരും നീതിമാന്മാരുമായ ഒരു വിഭാഗമായിട്ടാണ് കാണപ്പെടാറുള്ളത്. അപ്പോൾ നിലവിലുള്ള സമുദായങ്ങൾക്കും മതവിഭാഗങ്ങൾക്കും സ്വാഭാവികമായും അവർക്കെതിരെ ഒരുതരം ദേഷ്യവും അസൂയയും ഉടലെടുക്കുന്നു. മതപണ്ഡിതന്മാരും നേതാക്കളുമാണ് ഇത്തരം വികാരങ്ങൾ പ്രകടിപ്പിക്കുന്നതിൽ മുന്നിൽ നിൽക്കാറുള്ളത്; കാരണം ഒരു ദൈവപുരുഷന്റെ വരവ് അവരുടെ വരുമാനത്തിലും അന്തസ്സിലും മാറ്റം വരുത്തുന്നു. അവരുടെ ശിഷ്യന്മാരും അനുയായികളും അവരുടെ കെണിയിൽ നിന്ന് പുറത്തുവരാൻ തുടങ്ങുന്നു, കാരണം അല്ലാഹുവിങ്കൽ നിന്നുള്ള ആ വ്യക്തിയിൽ വിശ്വാസത്തിന്റെയും ധാർമികതയുടെയും ജ്ഞാനത്തിന്റെയും എല്ലാ സത്തമ ഗുണങ്ങളും അവർ കണ്ടെത്തുന്നു.” പീറുമാരുടെ നീതിമാന്മാരും സൽസ്വഭാവികളുമായ അനുയായികൾ ആ ദൈവപുരുഷനിലേക്ക് ആകർഷിക്കപ്പെടുന്നു. “അതിനാൽ, വിദ്യഭ്യാസ നേട്ടത്തിന്റെയോ ഭക്തിയുടെയോ പേരിൽ ഈ പണ്ഡിതന്മാർക്ക് മുമ്പ് നൽകിയിരുന്ന ആദരവിന് അവർ അർഹരല്ലെന്നും. നജ്മുൽ ഉമ്മത്ത് (സമുദായത്തിന്റെ താരം), ശംസുൽ ഉമ്മത്ത് (സമുദായത്തിന്റെ സൂര്യൻ), ശൈഖുൽ മശാഇഖ് (ബഹുമാന്യരുടെ നേതാവ്) തുടങ്ങിയ ഉന്നതമായ സംബോധനകൾക്കൊന്നും പിന്നീട് അവർ യോഗ്യരല്ലെന്നും വിവേചനബുദ്ധിയുള്ളവർക്ക് ബോധ്യപ്പെട്ടു തുടങ്ങുന്നു. അതിനാൽ, സ്വന്തം വിശ്വാസം നഷ്ടപ്പെടുത്താൻ ആഗ്രഹിക്കാത്ത വിവേകശാലികളായ ആളുകൾ ഈ പണ്ഡിതന്മാരിൽ നിന്ന് മുഖം തിരിക്കുന്നു.” പരിശുദ്ധ സ്വഭാവമുള്ള വിശ്വാസികളുടെ പ്രവൃത്തികളാണിവ.

“മതപണ്ഡിതന്മാരും കുലപതികളും എപ്പോഴും ദൈവത്തിന്റെ പ്രവാചകന്മാരോടും ദൂതന്മാരോടും അസൂയ വെച്ചുപുലർത്തിയിട്ടുണ്ട്. ഈ വിഭാഗം ആളുകൾ യഥാർത്ഥത്തിൽ അപൂർണ്ണരാണ്; അവരുടെ പക്കൽ ദൈവിക പ്രകാശം വളരെ കുറവാണ്, ഒരു പ്രവാചകന്റെയോ ദൂതന്റെയോ കാലത്ത് ഇക്കൂട്ടരുടെ പോരായ്മകൾ പൂർണ്ണമായും വെളിപ്പെടുകയും ചെയ്യുന്നു. അവരുടെ അഹന്ത ദൈവത്തിന്റെ പ്രവാചകന്മാരോടും നീതിമാന്മാരോടും ശത്രുതയുണ്ടാക്കാൻ കാരണമാവുകയും, അവരെ ഉപദ്രവിക്കാനായി അവർ സ്വാർത്ഥപരമായ പദ്ധതികൾ ആസൂത്രണം ചെയ്യുകയും ചെയ്യുന്നു. അല്ലാഹുവിന്റെ പരിശുദ്ധനായ ആ മനുഷ്യനെ അന്യായമായി പീഡിപ്പിക്കുന്നതിലൂടെ തങ്ങൾ അവന്റെ കോപത്തിന് ഇരയായിട്ടുണ്ടെന്ന് ചിലപ്പോൾ അവരുടെ ഹൃദയങ്ങൾക്കറിയാമായിരിക്കും. നീതിമാന്മാർക്കെതിരെയുള്ള അവരുടെ സ്വാഭാവികമായ പ്രവൃത്തികൾ അവരുടെ ഹൃദയത്തിലെ കുറ്റബോധത്തെയാണ് സൂചിപ്പിക്കുന്നത്. അവരുടെ അസൂയയാകുന്ന അഗ്നി അവരെ വെറുപ്പിന്റെ ഗർത്തത്തിലേക്ക് തള്ളിവിടുന്നു.

ഈ കാരണങ്ങളാണ് ബഹുദൈവാരാധകരുടെയും യഹൂദ, ക്രൈസ്തവ പണ്ഡിതന്മാരുടെയും ശത്രുതയ്ക്ക് ആക്കം കൂട്ടിയതും തിരുനബി(സ)യുടെ കാലത്ത് സത്യം സ്വീകരിക്കുന്നതിൽ നിന്ന് അവരെ തടഞ്ഞതും. അതിനാൽ ഇസ്ലാമിനെ ഭൂമുഖത്തുനിന്ന് തുടച്ചുനീക്കാൻ അവർ ശ്രമിച്ചു. ഇസ്ലാമിന്റെ പ്രാരംഭ ഘട്ടത്തിൽ മുസ്ലിംകൾ വളരെ കുറവായിരുന്നതിനാൽ, സമ്പത്തിലും എണ്ണത്തിലും സ്ഥാനമാനങ്ങളിലും തങ്ങൾ പുതിയ വിശ്വാസികളെ ക്കാൾ ഉന്നതരാണെന്ന അഹങ്കാരത്തോടെ ശത്രുക്കൾ അവരോട് കടുത്ത ശത്രുത പുലർത്തി. ഇസ്ലാമാകുന്ന ഈ സ്വർഗ്ഗീയ സസ്യം ഭൂമിയിൽ വേരൂന്നാൻ അവർ ആഗ്രഹിച്ചില്ല, മറിച്ച് ആ നീതിമാന്മാരെ നശിപ്പിക്കാൻ അവർ തങ്ങളുടെ സർവ്വശക്തിയും ഉപയോഗിച്ച് പോരാടുകയായിരുന്നു. ഈ മതം ദൃഢമായി സ്ഥാപിതമായാൽ അത് തങ്ങളുടെ വിശ്വാസത്തിന്റെയും ജനതയുടെയും നാശത്തിന് കാരണമാകു മെന്ന് അവർ ഭയപ്പെട്ടു. അവരുടെ ഹൃദയത്തിൽ പതിഞ്ഞ ഈ ഭയം കാരണം അവർ ക്രൂരമായ അക്രമങ്ങൾ പ്രവർത്തിക്കുകയും നിരവധി മുസ്ലിംകളെ അതിക്രൂരമായി വധിക്കുകയും ചെയ്തു.

നീണ്ട പതിമൂന്ന് വർഷക്കാലം അവരുടെ ഈ രീതിക്ക് മാറ്റമൊന്നുമുണ്ടായിരുന്നില്ല. മനുഷ്യത്വത്തിന്റെ അഭിമാനമായിരുന്ന അല്ലാഹുവിന്റെ നിരവധി വിശ്വസ്ത ദാസന്മാർ ഈ കിരാതന്മാരുടെ വാളുകളാൽ ക്രൂരമായി കഷണങ്ങളാക്കപ്പെട്ടു. അനാഥകളും നിസ്സഹായരുമായ സ്ത്രീകൾ തെരുവുകളിൽ കശാപ്പ് ചെയ്യപ്പെട്ടു. എങ്കിൽ പോലും, തിന്മയ്ക്കെതിരെ പ്രതികാരം ചെയ്യരുതെന്ന് അല്ലാഹു കൽപ്പിച്ചു. ഈ നീതിമാന്മാരായ, തിരഞ്ഞെടുക്കപ്പെട്ടവർ ആ നിർദ്ദേശം കൃത്യമായി പാലിച്ചു. തെരുവുകൾ അവരുടെ രക്തത്താൽ ചുവന്നപ്പോഴും അവർ ഒരു ശബ്ദം പോലും ഉച്ചരിച്ചില്ല. അവർ മൃഗങ്ങളെപ്പോലെ കശാപ്പ് ചെയ്യപ്പെട്ടു, പക്ഷേ അവർ പ്രതിഷേധിച്ചില്ല.”

*(ഗവൺമെന്റ് അൻഗ്രേസി ഔർ ജിഹാദ്, റൂഹാനി ഖസാഇൻ ഭാഗം 17, പേജ് 4,5)*

**മക്കയിലെ സത്യനിഷേധികൾ തൗഹീദിന്റെ സന്ദേശം പ്രചരിപ്പിക്കുന്നതിൽ നിന്ന് തിരുനബി(സ)യെ തടയാൻ ശ്രമിച്ചു; ചിലപ്പോൾ അവർ ഭീഷണിപ്പെടുത്തി, മറ്റു ചിലപ്പോൾ പ്രലോഭിപ്പിക്കാൻ ശ്രമിച്ചു. എന്നാൽ തിരുനബി(സ)യുടെ മറുപടി എപ്പോഴും ഒന്നായിരുന്നു: ലോകത്ത് ദൈവത്തിന്റെ ഏകത്വം സ്ഥാപിക്കുക എന്നതാണ് തന്റെ ജീവിതലക്ഷ്യം, ആ കാരണത്താലാണ് അല്ലാഹു തന്നെ നിയോഗിച്ചിട്ടുള്ളത്.**

ഇതേപ്പറ്റി ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) ഒരിടത്ത് ഇപ്രകാരം എഴുതുന്നു:

എതിർപ്പുകൾ കഠിനമായപ്പോൾ, മറുവശത്ത് തിരുനബി(സ)യും അദ്ദേഹത്തിന്റെ അനുചരന്മാരും വലിയ ദൃഢനിശ്ചയത്തോടെ അല്ലാഹുവിന്റെ സന്ദേശം മക്കയിലെ ജനങ്ങളിലേക്ക് എത്തിക്കാൻ തുടങ്ങി: ഈ ലോകത്തിന്റെ സ്രഷ്ടാവ് ഏകനാണ്; അവനല്ലാതെ ആരാധനയ്ക്ക് അർഹനായി മറ്റാരുമില്ല. കഴിഞ്ഞുപോയ പ്രവാചകന്മാരെല്ലാം അവന്റെ ഏകത്വത്തിന് സാക്ഷ്യം വഹിക്കുകയും തങ്ങളുടെ ജനതയെ ഈ അധ്യാപനത്തിലേക്ക് വിളിക്കുകയും ചെയ്തിട്ടുണ്ട്. ഏകനായ ദൈവത്തിൽ വിശ്വസിക്കുക, തികച്ചും നിസ്സാരവും യാതൊരു ശക്തിയുമില്ലാത്തതുമായ ഈ കൽവിഗ്രഹങ്ങളെ ഉപേക്ഷിക്കുക.

അല്ലയോ മക്കക്കാരേ! വിഗ്രഹങ്ങൾക്ക് മുന്നിൽ വഴിപാടുകൾ വെക്കുമ്പോൾ ഈച്ചക്കൂട്ടങ്ങൾ അവയിൽ വന്നിരിക്കുന്നത് നിങ്ങൾ കാണുന്നില്ലേ? ആ ഈച്ചകളെപ്പോലും ഓടിക്കാനുള്ള ശക്തി അവയ്ക്കില്ല. ആരെങ്കിലും അവയെ ആക്രമിച്ചാൽ സ്വയം പ്രതിരോധിക്കാൻ അവയ്ക്ക് കഴിയില്ല. ആരെങ്കിലും അവയോട് ചോദ്യങ്ങൾ ചോദിച്ചാൽ അവയ്ക്ക് മറുപടി നൽകാൻ കഴിയില്ല. ആരെങ്കിലും അവയുടെ സഹായം തേടിയാൽ അവരെ സഹായിക്കാനും അവയ്ക്ക് സാധിക്കില്ല. എന്നാൽ ഏകനായ അല്ലാഹു തന്നെ വിളിച്ചു പ്രാർത്ഥിക്കുന്നവരുടെ ആവശ്യങ്ങൾ നിറവേറ്റുന്നു. തന്നോട് ചോദിക്കുന്നവർക്ക് അവൻ ഉത്തരം നൽകുന്നു. തന്റെ സഹായം തേടുന്നവരെ അവൻ സഹായിക്കുന്നു. അവൻ തന്റെ ശത്രുക്കളെ കീഴടക്കുകയും തന്റെ അർപ്പണബോധമുള്ള ദാസന്മാർക്ക് ഉന്നതമായ പുരോഗതി നൽകുകയും ചെയ്യുന്നു. തന്റെ ഭക്തരുടെ ഹൃദയങ്ങളെ പ്രകാശിപ്പിക്കുന്ന ഒരു പ്രകാശം അവനിൽ നിന്ന് വരുന്നു.

എന്നിട്ടും എന്തുകൊണ്ടാണ് നിങ്ങൾ അത്തരമൊരു ദൈവത്തെ ഉപേക്ഷിച്ച് ജീവനില്ലാത്ത വിഗ്രഹങ്ങൾക്ക് മുന്നിൽ തലകുനിക്കുകയും നിങ്ങളുടെ ജീവിതം പാഴാക്കുകയും ചെയ്യുന്നത്? ദൈവത്തിന്റെ ഏകത്വം ഉപേക്ഷി

ച്ചതിലൂടെ നിങ്ങളുടെ ചിന്തകൾ അശുദ്ധമാവുകയും ഹൃദയങ്ങൾ അന്ധകാരത്തിലാവുകയും ചെയ്തത് നിങ്ങൾ കാണുന്നില്ലേ? നിങ്ങൾ എല്ലാത്തരം അന്ധവിശ്വാസങ്ങളിലും അകപ്പെട്ടിരിക്കുന്നു (തൗഹീദ് ഉപേക്ഷിച്ചതിനാൽ അവർ അന്ധവിശ്വാസങ്ങളിൽ വീണുപോയി). ദൈവൈകത്വം വെടിഞ്ഞതിനാൽ നിങ്ങളുടെ ഹൃദയങ്ങളിൽ ഭ്രമങ്ങൾ ഉടലെടുക്കുന്നു. ഹലാലും (അനുവദനീയമായത്) ഹറാമും (നിഷിദ്ധമായത്) തമ്മിലുള്ള വ്യത്യാസം നിങ്ങൾക്കറിയില്ല. നന്മയും തിന്മയും തമ്മിൽ വേർതിരിച്ചറിയാൻ നിങ്ങൾക്ക് കഴിയുന്നില്ല. നിങ്ങൾ നിങ്ങളുടെ മാതാക്കളെ അപമാനിക്കുന്നു; സഹോദരിമാരെയും പുത്രിമാരെയും പീഡിപ്പിക്കുകയും അവർക്ക് അർഹമായ അവകാശങ്ങൾ നൽകാതിരിക്കുകയും ചെയ്യുന്നു. ഭാര്യമാരോടുള്ള നിങ്ങളുടെ പെരുമാറ്റം ഭയാനകമാണ്. നിങ്ങൾ അനാഥരുടെ സ്വത്ത് അപഹരിക്കുകയും വിധവകളോട് ക്രൂരമായി പെരുമാറുകയും ചെയ്യുന്നു. നിങ്ങൾ ദരിദ്രരെയും ദുർബലരെയും അടിച്ചമർത്തുന്നു, മറ്റുള്ളവരുടെ അവകാശങ്ങൾ തട്ടിയെടുത്തുകൊണ്ട് സ്വന്തം മഹത്വം സ്ഥാപിക്കാൻ നിങ്ങൾ ശ്രമിക്കുന്നു. വ്യാജം പറയുന്നതിലോ വഞ്ചിക്കുന്നതിലോ നിങ്ങൾക്ക് ലജ്ജ തോന്നുന്നില്ല. മോഷണത്തോടും പിടിച്ചുപറിയോടും നിങ്ങൾക്ക് വിരക്തിയില്ല. ചൂതാട്ടവും മദ്യപാനവുമാണ് നിങ്ങളുടെ വിനോദങ്ങൾ. അറിവ് സമ്പാദിക്കുന്നതിലോ രാഷ്ട്രസേവനത്തിലോ നിങ്ങൾ ശ്രദ്ധിക്കുന്നില്ല. എത്രകാലം നിങ്ങൾ ഏകദൈവത്തെക്കുറിച്ച് അശ്രദ്ധരായിരിക്കും? വരൂ, നിങ്ങളെത്തന്നെ പരിഷ്കരിക്കുകയും അനീതി ഉപേക്ഷിക്കുകയും ചെയ്യുക. തങ്ങളിൽ വേരൂന്നിയ ഈ തിന്മകളെ അവർ പരിഷ്കരിക്കേണ്ടതുണ്ട്.

ഇന്നും ഇത്തരം തിന്മകളാൽ വലയുന്നവർ തൗഹീദിൽ നിന്നുള്ള അകൽച്ചയാൽ കഷ്ടപ്പെടുന്നവരാണ്. ഏത് ജനതയിലാണോ ഇത്തരം ദുശ്ശീലങ്ങൾ കാണപ്പെടുന്നത് അവരിൽ ചില ഗുണങ്ങൾ ബാക്കിയുണ്ടെങ്കിൽ പോലും മുകളിൽ സൂചിപ്പിച്ച പല തിന്മകളും അവരിൽ നിലനിൽക്കുന്നുണ്ട്; അതിന്റെ കാരണവും ഒന്ന് തന്നെയാണ്: തൗഹീദിൽ നിന്നുള്ള അകൽച്ച. നിർഭാഗ്യവശാൽ ചില മുസ്‌ലിംകളുടെ അവസ്ഥയും ഇതുതന്നെയാണ്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) തുടർന്ന് പ്രസ്താവിക്കുന്നു, അല്ലാഹുവിലേക്ക് അടുക്കാനുള്ള മാർഗ്ഗം ഇപ്രകാരമാണ്:

അർഹതപ്പെട്ട ഓരോരുത്തർക്കും അവരുടെ അവകാശങ്ങൾ നൽകപ്പെടണം. (ഇതൊരു അനിവാര്യമായ കാര്യമാണ്). അല്ലാഹു സമ്പത്ത് നൽകിയിട്ടുണ്ടെങ്കിൽ അത് സ്വന്തം രാജ്യത്തിന്റെയും ജനതയുടെയും സേവനത്തിനും ദുർബലരുടെയും ദരിദ്രരുടെയും ഉന്നമനത്തിനുമായി ചെലവഴിക്കുക. സ്ത്രീകളെ ആദരിക്കുകയും അവരുടെ അവകാശങ്ങൾ നിറവേറ്റുകയും ചെയ്യുക. അനാഥകളെ അല്ലാഹുവിൽ നിന്നുള്ള ഒരു ട്രസ്റ്റ് (അമാനത്ത്) ആയി കാണുകയും അവരെ പരിപാലിക്കുന്നത് ഏറ്റവും ഉന്നതമായ പുണ്യമായി കരുതുകയും ചെയ്യുക. വിധവകൾക്ക് ഒരു താങ്ങായി മാറുക. നീതിയും ഭക്തിയും സ്ഥാപിക്കുക. നീതിയും നിഷ്പക്ഷതയും (നീതി മാത്രമല്ല, കാരുണ്യവും ഔദാര്യവും) നിങ്ങളുടെ സവിശേഷ ഗുണങ്ങളാക്കി മാറ്റുക. (നീതി മാത്രം മതിയാകില്ല; ദയയും കരുണയും ഉണ്ടായിരിക്കണം. ഇതാണ് ഒരു യഥാർത്ഥ വിശ്വാസിക്ക് നൽകപ്പെട്ടിട്ടുള്ള പാഠം).

ഈ ലോകത്തെ നിങ്ങളുടെ നിലനിൽപ്പ് വൃഥാവിലാകരുത്. ഉത്തമമായ പാരമ്പര്യങ്ങൾ അവശേഷിപ്പിക്കുക, അതിലൂടെ ശാശ്വതമായ പുണ്യത്തിന്റെ വിത്തുകൾ പാകാൻ സാധിക്കും. യഥാർത്ഥ മാഹാത്മ്യം എന്നത് സ്വന്തം അവകാശങ്ങൾക്കായി വാദിക്കുന്നതിലല്ല, മറിച്ച് ത്യാഗത്തിലും നിസ്വാർത്ഥതയിലുമാണ് അടങ്ങിയിരിക്കുന്നത്. (നിങ്ങളുടെ അവകാശങ്ങൾ നേടാൻ മാത്രം ശ്രമിക്കരുത്; ത്യാഗവും നിസ്വാർത്ഥതയും ആവശ്യമാണ്). അതിനാൽ, ത്യാഗങ്ങൾ സഹിക്കുകയും അല്ലാഹുവിലേക്ക് അടുക്കുകയും ചെയ്യുക. ദൈവദാസന്മാരുടെ മുമ്പിൽ നിസ്വാർത്ഥതയുടെ ഉന്നതമായ മാതൃക കാട്ടുക, അങ്ങനെ അല്ലാഹുവിന്റെ സന്നിധിയിൽ നിങ്ങളുടെ അവകാശങ്ങൾ സ്ഥാപിതമാകട്ടെ. (യഥാർത്ഥ തൗഹീദിൽ ഉറച്ചുനിൽക്കുന്നതിന്റെ അടയാളങ്ങളാണിവ).

തീർച്ചയായും നാം ദുർബലരാണ്, എങ്കിലും നമ്മുടെ ദുർബലതകളിൽ മാത്രം തളച്ചിടപ്പെടരുത്. (ഇതുതന്നെയാണ് തിരുനബി(സ)യും പ്രഖ്യാപിച്ചത്). സത്യത്തിന്റെ ആധിപത്യത്തിനായി ആകാശത്ത് വിധി പുറപ്പെടുവിച്ചു കഴിഞ്ഞു. ഇനി അല്ലാഹുവിന്റെ ദൂതനായ മുഹമ്മദ് നബി(സ)യിലൂടെ നീതിയുടെ തുലാസ് സ്ഥാപിക്കപ്പെടും. ആർക്കും അനീതി സംഭവിക്കാത്ത, നീതിയുടെയും കാരുണ്യത്തിന്റെയും ഒരു ഭരണം നിലവിൽ വരും. മതപരമായ കാര്യങ്ങളിൽ യാതൊരു ഇടപെടലുമുണ്ടാകില്ല. സ്ത്രീകൾക്കും അടിമകൾക്കും മേൽ നടത്തുന്ന അതിക്രമങ്ങൾ നിർമ്മാർജ്ജനം ചെയ്യപ്പെടും, ശൈത്താന്റെ ഭരണത്തിന് പകരം ഏകനായ ദൈവത്തിന്റെ പരമാധികാരം സ്ഥാപിതമാകും.

ഈ അധ്യാപനങ്ങൾ മക്കയിലെ ജനങ്ങളോട് ആവർത്തിച്ച് പ്രഖ്യാപിക്കാൻ തുടങ്ങുകയും സൽസ്വഭാവികളായ വ്യക്തികൾ ഇസ്‌ലാമിലേക്ക് ചായുകയും ചെയ്തപ്പോൾ, മക്കയിലെ പ്രഭുക്കന്മാർ ഒരു ദിവസം ഒത്തുചേർന്ന് തിരുനബി(സ)ന്റെ പിതൃവ്യൻ അബൂത്വാലിബിന്റെ അടുക്കൽ ചെന്നു. അവർ അദ്ദേഹത്തോട് പറഞ്ഞു:

താങ്കൾ ഞങ്ങളുടെ നേതാവാണ്, താങ്കളോടുള്ള ആദരവ് നിമിത്തമാണ് താങ്കളുടെ സഹോദര പുത്രൻ മുഹമ്മദ് നബി(സ)യോട് ഇതുവരെ ഞങ്ങൾ ഒന്നും പറയാതിരുന്നത്. എന്നാൽ ഇപ്പോൾ അന്തിമമായ ഒരു തീരുമാനം എടുക്കേണ്ട സമയം വന്നിരിക്കുന്നു. ഒന്നുകിൽ താങ്കൾ അദ്ദേഹത്തെ ഉപദേശിക്കണം, അല്ലെങ്കിൽ അദ്ദേഹം അന്തിമമായി ഞങ്ങളിൽ നിന്ന് എന്താണ് ആഗ്രഹിക്കുന്നതെന്ന് ചോദിക്കണം.

അദ്ദേഹം അന്തസ്സും ബഹുമാനവുമാണ് ആഗ്രഹിക്കുന്നതെങ്കിൽ അദ്ദേഹത്തെ ഞങ്ങളുടെ നേതാവായി നിയമിക്കാൻ ഞങ്ങൾ തയ്യാറാണ്. അദ്ദേഹം സമ്പത്താണ് തേടുന്നതെങ്കിൽ ഞങ്ങളിൽ ഓരോരുത്തരും ഞങ്ങളുടെ സമ്പത്തിന്റെ ഒരു ഭാഗം അദ്ദേഹത്തിന് നൽകാൻ തയ്യാറാണ്. അദ്ദേഹം വിവാഹമാണ് ആഗ്രഹിക്കുന്നതെങ്കിൽ മക്കയിൽ അദ്ദേഹത്തിന് ഇഷ്ടമുള്ള ഏത് സ്ത്രീയെയും പേര് പറയട്ടെ, ഞങ്ങൾ ആ വിവാഹം നടത്തിക്കൊടുക്കാം. പകരം ഞങ്ങളൊന്നും അദ്ദേഹത്തോട് ആവശ്യപ്പെടില്ല, മറ്റൊരു കാര്യത്തിലും അദ്ദേഹത്തെ തടയുകയുമില്ല. ഞങ്ങളുടെ വിഗ്രഹങ്ങളെക്കുറിച്ച് മോശമായി സംസാരിക്കുന്നത് അദ്ദേഹം നിർത്തണം എന്ന് മാത്രമേ ഞങ്ങൾ അപേക്ഷിക്കുന്നുള്ളൂ. അദ്ദേഹം ആഗ്രഹിക്കുന്നുവെങ്കിൽ ദൈവം ഏകനാണെന്ന് പ്രഖ്യാപിക്കട്ടെ; എന്നാൽ ഞങ്ങളുടെ വിഗ്രഹങ്ങൾ വ്യാജമാണെന്ന് അദ്ദേഹം പറയരുത്. ഈ ഒരു നിബന്ധന അദ്ദേഹം അംഗീകരിക്കുകയാണെങ്കിൽ അദ്ദേഹവും ഞങ്ങളും തമ്മിൽ സന്ധി സ്ഥാപിതമാകും.

താങ്കൾ അദ്ദേഹത്തെ ഉപദേശിക്കുകയും ഞങ്ങളുടെ നിർദ്ദേശം സ്വീകരിക്കാൻ പ്രേരിപ്പിക്കുകയും വേണം. അല്ലാത്തപക്ഷം രണ്ട് വഴികളേ അവശേഷിക്കുന്നുള്ളൂ: ഒന്നുകിൽ താങ്കൾ താങ്കളുടെ സഹോദര പുത്രനെ കൈവിടണം, അല്ലെങ്കിൽ താങ്കളുടെ ജനത താങ്കളോടുള്ള വിധേയത്വം അവസാനിപ്പിക്കുകയും താങ്കളുടെ നേതൃപദവി നിഷേധിക്കുകയും ചെയ്യും.

ഈ വിഷയം അബൂത്വാലിബിന് അങ്ങേയറ്റം ഭാരമേറിയതായിരുന്നു. അറബികൾക്കിടയിൽ ഭൗതിക സമ്പത്ത് കുറവായിരുന്നു; ഗോത്ര നേതൃത്വത്തിലും ആദരവിലുമായിരുന്നു അവരുടെ യഥാർത്ഥ അഭിമാനവും സന്തോഷവും കുടികൊണ്ടിരുന്നത്. പ്രഭുക്കന്മാർ അവരുടെ ജനതയ്ക്ക് വേണ്ടിയും ജനത അവരുടെ പ്രഭുക്കന്മാർക്ക് വേണ്ടിയും ജീവിച്ചു.

ഇതുകേട്ടപ്പോൾ അബൂത്വാലിബ് അതീവ ഉത്കണ്ഠാകുലനാവുകയും തിരുനബി(സ)യെ വിളിച്ചു വരുത്തി ഇപ്രകാരം പറയുകയും ചെയ്തു: എന്റെ സഹോദര പുത്രാ, എന്റെ ആളുകൾ എന്റെ അടുക്കൽ വന്ന് ഒരു സന്ദേശം കൈമാറിയിരിക്കുന്നു. അവർ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു: നിന്റെ അനന്തരവൻ ഞങ്ങളുടെ നിർദ്ദേശങ്ങളിലൊന്നും സമ്മതിക്കുന്നില്ലെങ്കിൽ ഞങ്ങൾ ഞങ്ങളുടെ പരമാവധി പരിശ്രമിക്കുകയും ഞങ്ങൾക്ക് നൽകാൻ കഴിയുന്നതൊക്കെയും അദ്ദേഹത്തിന് വാഗ്ദാനം ചെയ്യുകയും ചെയ്തിട്ടുണ്ട് എന്നിട്ടും അദ്ദേഹം പിന്തിരിയുന്നില്ലെങ്കിൽ, നീ അദ്ദേഹത്തെ കൈവിടണം. നീ അദ്ദേഹത്തെ ഉപേക്ഷിക്കാൻ തയ്യാറല്ലെങ്കിൽ ഞങ്ങൾ നിന്റെ അധികാരം നിരസിക്കുകയും നിന്നെ വിട്ടുപോവുകയും ചെയ്യും.

അബൂത്വാലിബ് ഇത് പറഞ്ഞപ്പോൾ അദ്ദേഹത്തിന്റെ കണ്ണുകൾ നിറഞ്ഞു. അദ്ദേഹത്തിന്റെ കണ്ണുനീർ കണ്ടപ്പോൾ തിരുനബി(സ)യുടെ കണ്ണുകളും നിറഞ്ഞു. തിരുനബി(സ) ഇപ്രകാരം പ്രസ്താവിച്ചു: എന്റെ പിതൃവ്യാ, താങ്കളുടെ ജനതയെ ഉപേക്ഷിച്ച് എന്നെ സഹായിക്കണമെന്ന് ഞാൻ താങ്കളോട് പറയുന്നില്ല. താങ്കൾക്ക് എന്നെ സഹായിക്കുന്നത് അവസാനിപ്പിക്കുകയും താങ്കളുടെ ജനതയോടൊപ്പം ചേരുകയും ചെയ്യാം. എന്നാൽ, **പങ്കുകാരില്ലാത്ത ഏകനായ ദൈവമാണെ സത്യം, എന്റെ വലതുകൈയ്യിൽ സൂര്യനെയും ഇടതുകൈയ്യിൽ ചന്ദ്രനെയും വെച്ചുതന്നാൽ പോലും അല്ലാഹുവിന്റെ ഏകത്വം (തൗഹീദ്) പ്രബോധനം ചെയ്യുന്നതിൽ നിന്ന് ഞാൻ പിന്തിരിയുകയില്ല. മരണം എന്നെ പിടികൂടുന്നത് വരെ ഞാൻ ഈ പരിശ്രമത്തിൽ തുടരും.** താങ്കൾക്ക് ഏറ്റവും ഉത്തമമെന്ന് തോന്നുന്നത് താങ്കൾക്ക് തീരുമാനിക്കാം.

അങ്ങേയറ്റത്തെ വിശ്വാസവും നിഷ്കളങ്കതയും നിറഞ്ഞ ഈ മറുപടി അബൂത്വാലിബിന്റെ കണ്ണുകൾ തുറപ്പിക്കാൻ പര്യാപ്തമായിരുന്നു. തനിക്ക് ഇസ്‌ലാം സ്വീകരിക്കാൻ അവസരം ലഭിച്ചില്ലെങ്കിലും, പരിപൂർണ്ണ വിശ്വാസത്തിന്റെ ഇത്തരമൊരു കാഴ്ചയ്ക്ക് സാക്ഷിയാകുന്നത് ഏതൊരു സമ്പത്തിനേക്കാളും വിലപ്പെട്ടതാണെന്ന് അദ്ദേഹം മനസ്സിലാക്കി. അബൂത്വാലിബ് അപ്പോൾ പറഞ്ഞു: എന്റെ അനന്തരവനേ, താങ്കളുടെ കടമ നിർവ്വഹിക്കുന്നത് തുടരുക. എന്റെ ആളുകൾ എന്നെ വിട്ടുപോകാൻ ആഗ്രഹിക്കുന്നുവെങ്കിൽ അവർക്ക് അങ്ങനെ ചെയ്യാം, പക്ഷേ ഞാൻ താങ്കളെ കൈവിടില്ല.

*(ദീബാച്ച തഫ്സീറുൽ ഖുർആൻ, അൻവാറുൽ ഉലൂം, വാല്യം 20, പേജ് 199,202)*

തൗഹീദ് സ്ഥാപിക്കുന്നതിനായി മക്കയിലെ സത്യനിഷേധികളിൽ നിന്നുള്ള എല്ലാത്തരം പീഡനങ്ങളും ക്രൂരതകളും തിരുനബി(സ) സഹിച്ചു. ഹദ്റത്ത് മസീഹ് മൗഊദ്(അ) എഴുതിയതുപോലെ, **അതേ ചൈതന്യം തിരുനബി(സ) തന്റെ അനുചരന്മാർക്കും പകർന്നുനൽകി. അവർ അത്യുന്നതമായ ത്യാഗങ്ങൾ അർപ്പിച്ചു; അതിന്റെ ഫലമായി, അഹദ്, അഹദ് (ദൈവം ഏകനാണ്, ദൈവം ഏകനാണ്) എന്ന് പ്രഖ്യാപിച്ചുകൊണ്ട് അവർ പീഡനങ്ങളെ ക്ഷമയോടെ നേരിടുകയും സ്വന്തം ജീവൻ ബലിയർപ്പിക്കുകയും ചെയ്തു.**

*(അൽ തബഖാത്തുൽ കുബ്റാലി ഇബ്നു സഅദ്, വാല്യം 3, പേജ് 175, ബിലാൽ ബിൻ റബാഹ് & വാല്യം 8, പേജ് 207, സുമയ്യ ബിന്ത് ഖബാത്ത്, ദാറുൽ കുതുബുൽ ഇൽമിയ്യ:, ബെയ്റൂത്ത്)*

മക്കയിലെ സത്യനിഷേധികളുടെ നേരത്തെ സൂചിപ്പിച്ച തിന്മകളെല്ലാം ഉടലെടുത്തത് അവർ തൗഹീദിൽ നിന്ന് അകന്നുപോയതിനാലും ശിർക്കിൽ മുഴുകിയതിനാലുമാണ്. ഇന്നും, രാഷ്ട്രങ്ങൾക്കിടയിലോ വ്യക്തികൾക്കിട ഇത്തരം ധാർമ്മിക തിന്മകൾ എവിടെയൊക്കെ കാണപ്പെടുന്നുവോ ഞാൻ മുമ്പ് സൂചിപ്പിച്ചത് പോലെ അവയെല്ലാം തൗഹീദിൽ നിന്നുള്ള അകൽച്ചയാൽ ഉണ്ടാകുന്നവയാണ്.

അതുകൊണ്ട്, തൗഹീദ് അഥവാ ദൈവത്തിന്റെ ഏകത്വം പ്രഖ്യാപിക്കുന്നത് തുടരുക എന്നത് നമ്മുടെ കടമയാണ്. തൗഹീദിന്റെ ഈ സന്ദേശം എവിടെയൊക്കെ നാം എത്തിക്കുന്നുവോ, അവിടെയൊക്കെ നമ്മുടെ സ്വന്തം ആത്മീയവും ധാർമ്മികവുമായ അവസ്ഥകളിൽ വ്യക്തമായ മാറ്റമുണ്ടാക്കാനും നമ്മൾ പരിശ്രമിക്കണം. എങ്കിൽ മാത്രമേ നമ്മൾ യഥാർഥത്തിൽ തൗഹീദിൽ വിശ്വസിക്കുന്നവരിലും സർവ്വശക്തനായ അല്ലാഹുവിന്റെ കൽപ്പനകൾക്കനുസരിച്ച് പ്രവർത്തിക്കുന്നവരിലും ഉൾപ്പെടുകയുള്ളൂ. അപ്രകാരം ചെയ്യാൻ അല്ലാഹു നമ്മെ അനുഗ്രഹിക്കട്ടെ.

*(വിവ: അബൂ അത്തിയ)*

പേജ് 1 ൽ നിന്ന് **തഫ്സീർ**

ഇതിൽ നിന്ന് ഈ രണ്ടാമത്തെ വാഗ്ദാനം തികച്ചും മറ്റൊന്നാണെന്ന് മനസ്സിലാക്കാം. ഈ രണ്ടാനത്തെ വാഗ്ദാനത്തോടൊപ്പം ഒരു ഒന്നാമത്തെ വാഗ്ദാനം കൂടി ഉണ്ടെന്നും ഇതിലൂടെ വ്യക്തമാകുന്നു.

നമ്മൾ ചിന്തിച്ചു നോക്കുകയാണെങ്കിൽ, ഈ രണ്ട് വാഗ്ദാനങ്ങളെക്കുറിച്ചുള്ള പരാമർശം ഖുർആനിൽ ഇപ്രകാരമാണ് കാണുന്നത്; മുഹമ്മദ് നബി(സ)യെ മൂസാ(അ)ന്റെ സദൃശ്യൻ ആയി പ്രഖ്യാപിച്ചിരിക്കുന്നു. സൂറത്തുൽ ഫാത്തിഹയിൽ മുസ്‌ലിംകളിലെ ഒരു വിഭാഗത്തെക്കുറിച്ച് അവർ അഹ്‌ലുൽ കിതാബിന്റെ (വേദക്കാർ) വഴിയിൽ സഞ്ചരിക്കുമെന്ന വാർത്തയും നൽകിയി. ഈ രണ്ട് കാര്യങ്ങളെയും കൂട്ടിച്ചേർക്കുമ്പോൾ നാം എത്തുന്ന നിഗമനം ഇതാണ്: ബനൂ ഇസ്രായീലുകാരെപ്പോലെ മുസ്‌ലിംകൾക്കും രണ്ട് ശിക്ഷകളെപ്പറ്റി വാഗ്ദാനങ്ങൾ നൽകപ്പെട്ടിട്ടുണ്ട്. ഇവിടെ 'വഅ്ദുൽ ആഖിറ' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് മുസ്‌ലിംകൾക്കുള്ള രണ്ടാമത്തെ ശിക്ഷാ വാഗ്ദാനമാണ്. മുസ്‌ലിംകൾക്ക് ഈ ശിക്ഷ വരുമ്പോൾ, രണ്ടാമത്തെ തവണ പരിശുദ്ധ ഭൂമി കുറച്ചു കാലത്തേക്ക് അവരുടെ കൈകളിൽ നിന്ന് നഷ്ടപ്പെടുമെന്നും ആ സമയത്ത് അല്ലാഹു നിങ്ങളെ വീണ്ടും ആ രാജ്യത്തേക്ക് മടക്കിക്കൊണ്ടുവരുമെന്നുമാണ് ഇതിലൂടെ അറിയിക്കുന്നത്. നോക്കൂ, അപ്രകാരം തന്നെയാണ് സംഭവിച്ചതും.

അതുപോലെ നെബൂഖദ്നസർ ന്റെ കാലത്താണ് ആദ്യമായി പരിശുദ്ധ ഭൂമി (അർള് മുഖദ്ദസ്) യഹൂദന്മാരുടെ കൈകളിൽ നിന്ന് നഷ്ടപ്പെട്ടത്. സമാനമായ രീതിയിൽ കുരിശുയുദ്ധങ്ങളുടെ (Crusades) കാലഘട്ടത്തിൽ അത് മുസ്‌ലിംകളുടെ കൈകളിൽ നിന്നും നഷ്ടപ്പെടുകയുണ്ടായി. (The New EncyclopIpdia Britannica, 'Crusade' എന്ന വാക്കിന് താഴെ കാണുക). പിന്നീട് മൂസാ(അ)ന് ശേഷം 1300 വർഷങ്ങൾ കഴിഞ്ഞ് ഹദ്റത്ത് ഈസാ(അ)ന്റെ കുരിശു സംഭവത്തിന് ശേഷം

അതായത് ആ നാട്ടിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം അദ്ദേഹം മരിച്ചുപോയി എന്ന് തോന്നിച്ച അവസ്ഥയിൽ ബനൂ ഇസ്രായീലുകാരെ പരിശുദ്ധ ഭൂമിയിൽ നിന്നും വീണ്ടും പുറത്താക്കി. സമാനമായി, തിരുനബി(സ)യുടെ വഫാത്തിന് ശേഷം ഏകദേശം അത്രത്തന്നെ കാലം കഴിഞ്ഞിരിക്കുന്ന ഈ കാലഘട്ടത്തിൽ മുസ്‌ലിംകളുടെ ഭരണാധികാരം പരിശുദ്ധ ഭൂമിയിൽ നിന്നും വീണ്ടും നഷ്ടപ്പെട്ടിരിക്കുകയാണ്. വിശുദ്ധ ഖുർആൻ പ്രസ്താവിച്ചത് പോലെ, മുസ്‌ലിംകൾക്കുണ്ടായ ഈ രണ്ടാമത്തെ ശിക്ഷ യഹൂദന്മാർക്ക് പരിശുദ്ധ ഭൂമിയിലേക്ക് മടങ്ങിവരാനുള്ള ഒരു മാർഗ്ഗമായി മാറി.

*(തഫ്സീറേ കബീർ, വാല്യം 4, സൂറ: ബനീ ഇസ്രാഈൽ, ആയത്ത് 105)*

إِنَّ فِي هَٰذَا لَبَلَاغًا لِّقَوْمٍ عَابِدِينَ

(സൂറത്തുൽ അൻബിയാ സൂക്തം 107)

ചില നിബന്ധനകൾ വിവരിച്ചതിന് ശേഷം പരിശുദ്ധ ഭൂമിയുടെ അവകാശികൾ നമ്മുടെ സജ്ജനങ്ങളായ ദാസന്മാരായിരിക്കുമെന്ന് നാം സബൂറിൽ (زبور) രേഖപ്പെടുത്തിയിട്ടുണ്ടെന്ന് അല്ലാഹു പറയുന്നു. ആരാധനാനിരതരായ ദാസന്മാർക്ക് ഇതിൽ ഒരു സന്ദേശമുണ്ട്.

നാം താങ്കളെ ലോകത്തിന് മുഴുവൻ അനുഗ്രഹമായിട്ടാണ് അയച്ചിരിക്കുന്നത്. ഇതിന്റെ അർത്ഥം ഇതാണ്: ദൈവത്തിന്റെ സജ്ജനങ്ങളായ ദാസന്മാർ മാത്രമേ പരിശുദ്ധ ഭൂമിയിൽ വസിക്കുകയുള്ളൂ എന്ന് ബൈബിളിൽ ഉണ്ടായിരുന്ന പ്രവചനം കണ്ട് ബനൂ ഇസ്രായീലുകാർ ആ രാജ്യത്ത് ആധിപത്യം സ്ഥാപിക്കുന്ന സമയത്ത് ആരും വഞ്ചിതരാകരുത്. കാരണം, ഒരു ഇടവേള ഉണ്ടായാൽ പോലും വീണ്ടും ദൈവദാസന്മാർ ആ രാജ്യത്ത് ആധിപത്യം സ്ഥാപിക്കുമെന്ന സൂചനയും ആ പ്രവചനത്തിലുണ്ടായിരുന്നു. അതുകൊണ്ടാണ് ആരാധനാനിരതരായ ദാസന്മാർക്ക് ഇതിൽ ഒരു സന്ദേശമുണ്ടെന്ന് പറയുന്നത്. അതായത്, ബനൂ ഇസ്രായീലുകാർ വീണ്ടും അവിടെ അധികാരം സ്ഥാപിക്കുന്ന ഒരു കാലം വരുമെന്ന് മുസ്‌ലിംകൾക്ക് താങ്കൾ മുന്നറിയിപ്പ് നൽകുക. അതുകൊണ്ടാണ് ദാവൂദ്(അ)ന്റെ പ്രവചനത്തിലേക്ക് വിരൽ ചൂണ്ടിക്കൊണ്ട് ഇവിടെ ആബിദീൻ (ആരാധകർ) എന്ന വാക്ക് ഉപയോഗിച്ചത്; എന്റെ ദാസന്മാരോട് ജാഗ്രത പാലിക്കാൻ പറയുക. നിങ്ങൾ എന്റെ ദാസന്മാരാകുന്നതിൽ എന്നെങ്കിലും ബലഹീനത കാണിച്ചാൽ അല്ലാഹു യഹൂദന്മാരെ ആ രാജ്യത്തേക്ക് മടക്കിക്കൊണ്ടുവരും. എന്നാൽ മുസ്‌ലിംകൾ വീണ്ടും ആരാധനാനിരതരായ ദാസന്മാരായി മാറണം. അതിന്റെ ഫലമായി അവർ വീണ്ടും അവിടെ വിജയികളായിത്തീരും. തിരുനബി(സ) എല്ലാ കാലഘട്ടങ്ങൾക്കും അനുഗ്രഹമാണെന്ന കാര്യം അവർ ഓർമ്മിക്കണം. ബനൂ ഇസ്രായീലുകാർ ഫലസ്തീനിൽ അധികാരം സ്ഥാപിക്കുന്നതോടെ തിരുനബി(സ)യുടെ കാലഘട്ടം അവസാനിക്കുന്നില്ല. മറിച്ച് അതിനുശേഷവും തിരുനബി(സ) അനുഗ്രഹമായിട്ടുള്ള കാലഘട്ടം നിലനിൽക്കുന്നുണ്ട്. അതിനാൽ നിരാശപ്പെടരുത്; ദൈവ കാരുണ്യം വീണ്ടും വർഷിക്കുമ്പോൾ മുസ്‌ലിംകൾ ഫലസ്തീനിൽ വീണ്ടും വിജയികളായിത്തീരും.

*(തഫ്സീറേ കബീർ, വാല്യം 5, സൂറത്തുൽ അൻബിയാ, ആയത്ത് 107)*

പേജ് 1 ൽ നിന്ന്

**ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ പാഠങ്ങൾ:**

തിരിച്ചിരിക്കുന്നത്: ദ്വാലിം (തന്റെ ആത്മാവിനെ മെരുക്കുന്നവൻ), മുഖ്തസിദ് (മിതത്വം പാലിക്കുന്നവൻ), സാബിഖുൻ ബിൽ ഖൈറാത്ത് (നന്മകളിൽ മുൻകടക്കുന്നവൻ). ഇവ വിശ്വാസികളുടെ പദവികളാണ്, മാത്രമല്ല ഇവരെല്ലാം ഇസ്‌ലാമിനുള്ളിൽ തന്നെ ഉൾപ്പെട്ടവരാണ്.

തന്നിൽ ധാരാളം പിഴവുകളും ബലഹീനതകളും ഉള്ളവനാണ് ദ്വാലിം . സ്വന്തം നഫ്സിനോടും (മനസ്സ്) ശൈത്താനോടും പോരാടിക്കൊണ്ടിരിക്കുന്നവനാണ് മുഖ്തസിദ്; അവൻ ചിലപ്പോൾ വിജയിക്കുന്നു, ചിലപ്പോൾ പരാജയപ്പെടുന്നു. അവനിൽ ചില തെറ്റുകളും ഒപ്പം സൽഗുണങ്ങളും കാണപ്പെടുന്നു. എന്നാൽ ഈ രണ്ട് പദവികളിൽ നിന്നും പുറത്തുകടന്ന് സ്ഥിരമായി നന്മകൾ ചെയ്യുന്നതിൽ മുൻപന്തിയിൽ നിൽക്കുന്നവനും പരിപൂർണ്ണ സൽഗുണങ്ങൾ മാത്രമുള്ളവനുമാണ് സാബിഖുൻ ബിൽ ഖൈറാത്ത്. അവൻ തന്റെ നഫ്സിനെയും ശൈത്താനെയും പൂർണ്ണമായി കീഴടക്കിയവനായിരിക്കും. വിശുദ്ധ ഖുർആൻ ഇവരെല്ലാവരെയും മുസ്‌ലിംകൾ എന്ന് തന്നെയാണ് വിളിക്കുന്നത്.

*(അൽഹകം, വാല്യം 6, ലക്കം 40, 10 നവംബർ 1902, പേജ് 7)*

**• ഹദീഥുന്നബ്വി ﷺ •**

**"അദ്ദുആഉ ഹുവൽ ഇബാദത്തു."**
**ദുആ തന്നെയാണ് യഥാർഥ ആരാധന**

ത്വാലിബെ ദുആ
P. SAFFAR AHMAD &FAMILY
JAMA'ATH KARULAI, MALAPPURAM,KERALA.

## ജമാഅത്തുകളുടെ ശ്രദ്ധക്ക്!

ജമാഅത്തുകളിൽ നടക്കുന്ന പരിപാടികളുടെ സംക്ഷിപ്ത റിപ്പോർട്ടും നല്ല ക്ലാരിറ്റിയുള്ള ഫോട്ടോയും ബദർ ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുതിനായി താഴെ ചേർക്കുന്ന ഇ മെയിൽ അഡ്രസ്സിൽ അയക്കുക. ഒന്നിലേറെ ഫോട്ടോകൾ ചേർത്തുവെച്ച് പിഡിഎഫ് ആക്കി അയച്ചാൽ പ്രസിദ്ധീകരിക്കുന്നതല്ല. നല്ല ക്ലാരിറ്റിയുള്ള ഒന്നോ രണ്ടോ ഫോട്ടോകൾ മാത്രം അയക്കുക. ക്ലാരിറ്റി കുറഞ്ഞ ഫോട്ടോകളും പ്രസിദ്ധീകരിക്കാൻ സാധിക്കുന്നതല്ല.

badrqadian@gmail.com

(പത്രാധിപർ)

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് എം.എ
സീറത്തുന്നബി(സ)
വിവ: അബൂസ്വബാഹ്

# തിരുനബി(സ)യുടെ ജീവചരിത്രവും

### ഇസ്‌ലാമിക ചരിത്രവും: പ്രാരംഭ സ്രോതസ്സുകൾ

## വിശുദ്ധ ഖുർആൻ

ഏറ്റവും പ്രധാനപ്പെട്ടതും ഇസ്‌ലാമിക ചരിത്രത്തിന്റെ സുരക്ഷിതവുമായ കോ ട്ടയാണ് വിശുദ്ധ ഖുർആൻ. മുസ്‌ലിംകളുടെ വിശ്വാസമനുസരിച്ച് വിശുദ്ധ ഖുർആനിലെ ഓരോ വാക്കും അക്ഷരവും അല്ലാഹുവിന്റെ വചനമാണ്. ഇത് അല്ലാഹുവിന്റെ പ്രവാചകനായ തിരുനബി(സ)ക്ക് വെളിപാടു മുഖേന നൽക പ്പെട്ടതാണ്. ഈ വെളിപാടുകൾ നബി(സ)ന്റെ 23 വർഷത്തെ പ്രവാചകത്വ കാലഘട്ടത്തിലുടനീളം വ്യാപിച്ചു കിടക്കുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ആദ്യത്തെ വെളിപാട് അദ്ദേഹത്തിന്റെ പ്രവാചകത്വത്തിന്റെ തുടക്കത്തെ സൂചിപ്പിക്കുന്നു, ഖുർആനിലെ അവസാന ഭാഗം അദ്ദേഹത്തിന്റെ വിയോഗത്തിന് തൊട്ടുമുമ്പാണ് വെളിപ്പെട്ടത്.

അതിനാൽ, പ്രവാചകത്വത്തിന്റെ ആകെ ദിവസങ്ങളെ ഖുർആനിലെ ആകെ വചനങ്ങളുടെ എണ്ണവുമായി താരതമ്യം ചെയ്താൽ, പ്രതിദിന വെളിപാടുകളുടെ ശരാശരി ഒരു വചനത്തിൽ താഴെ മാത്രമാണ്. പ്രവാചകത്വത്തിന്റെ ആകെ ദിവസങ്ങൾ ഏകദേശം 7970 വരും, എന്നാൽ ഖുർആനിലെ ആകെ വചനങ്ങളുടെ എണ്ണം 6236 മാത്രമാണ്.

വിശുദ്ധ ഖുർആനിലെ ആകെ വാക്കുകളുടെ എണ്ണം 77,934 ആണ്.

*(അവ: അൽഇത്ഖാനു ഫീ ഉലൂമിൽ ഖുർആൻ, അല്ലാമാ ജലാലുദ്ദീൻ സുയൂതി (റഹ്), ഒന്നാം ഭാഗം, പേജ് 108, പത്തൊൻപതാം അധ്യായം (അൻനൗഉത് താസിഅ് അശർ) : സൂറത്തുകളുടെയും വചനങ്ങളുടെയും വാക്കുകളുടെയും അക്ഷരങ്ങളുടെയും എണ്ണത്തെക്കുറിച്ച്, ഫസൽ, ദാറുൽ കുതുബിൽ ഇൽമിയ്യ, ബെയ്റൂട്ട്, ലെബനൻ, ഒന്നാം പതിപ്പ് (2004)).*

അതിനാൽ, ഓരോ വചനത്തിലെയും ശരാശരി വാക്കുകളുടെ എണ്ണം പന്ത്രണ്ടാണ്. ഇത് കണക്കാക്കിയാൽ പ്രതിദിനം ശരാശരി ഒൻപത് വാക്കുകൾ വീതമാണ് വെളിപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാകുന്നു. ഈ കണക്കുകൂട്ടലുകളുടെ അടിസ്ഥാനത്തിൽ, വിശുദ്ധ ഖുർആൻ വളരെ സാവധാനത്തിലും ക്രമാനുഗതമായുമാണ് വെളിപ്പെട്ടതെന്ന് വ്യക്തമാണ്. വിശുദ്ധ ഖുർആന്റെ വെളിപാടുകളിൽ ഇടക്കാലത്ത് താത്കാലികമായ വിടവുകൾ ഉണ്ടായിരുന്നു എന്നത് സത്യമാണെങ്കിലും, ചില ദിവസങ്ങളിൽ ഒട്ടേറെ വചനങ്ങൾ തിരുനബി(സ)ക്ക് ഒരുമിച്ച് വെളിപ്പെട്ട സന്ദർഭങ്ങളും ഉണ്ടായിരുന്നു. എങ്കിലും, വിശുദ്ധ ഖുർആൻ ഒരിക്കലും എഴുതി സൂക്ഷിക്കുന്നതിനോ നിരന്തരമായി മന:പാഠമാക്കുന്നതിനോ പ്രയാസകരമാംവിധം വലിയ അളവിൽ ഒരേസമയം വെളിപ്പെട്ടിട്ടില്ല.

വിശുദ്ധ ഖുർആൻ വചനങ്ങൾ വെളിപ്പെടുന്ന മുറയ്ക്ക് അവ എഴുതിപ്പിക്കുക എന്നത് തിരുനബി(സ)യുടെ പതിവായിരുന്നു. കൂടാതെ ദൈവിക ജ്ഞാനത്തിന്റെ അടിസ്ഥാനത്തിൽ ഈ വചനങ്ങളുടെ ക്രമം നിശ്ചയിക്കുകയും ചെയ്തിരുന്നു. ഇതുമായി ബന്ധപ്പെട്ട് നിരവധി ഹദീസുകൾ ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. ഉദാഹരണമായി താഴെ പറയുന്ന ഹദീസിൽ പറയുന്നു: സമർപ്പിക്കാം:

عَنِ ابْنِ عَبَّاسٍ قَالَ قَالَ عُثْمَانُ بْنُ عَفَّانَ رَضِيَ اللهُ عَنْهُمَا كَانَ رَسُوْلُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ اِذَا نَزَلَ عَلَيْهِ شَيْءٌ دَعَا بَعْضَ مَنْ كَانَ يَكْتُبُ فَيَقُوْلُ ضَعُوْا هٰؤُلَآءِ الْاٰيَاتِ فِي سُوْرَةِ الَّتِي يَذْكُرُ فِيْهَا كَذَا وَكَذَا فَاِذَا نَزَلَتْ عَلَيْهِ الْاٰيَةُ فَيَقُوْلُ ضَعُوْا هٰذِهِ الْاٰيَةَ فِي السُّوْرَةِ الَّتِي يَذْكُرُ فِيْهَا كَذَا وَكَذَا

തിരുനബി(സ)യുടെ പിതൃസഹോദര പുത്രനായ ഹദ്റത്ത് ഇബ്നു അബ്ബാസ്(റ) നിവേദനം ചെയ്യുന്നു: (തിരുനബി(സ)യുടെ കാലത്ത് വഹ്‌യ് എഴുത്തുകാരനായി സേവനമനുഷ്ഠിച്ചിരുന്ന) ഹദ്റത്ത് ഉസ്മാൻ ബിൻ അഫാൻ(റ) പലപ്പോഴും ഇപ്രകാരം പ്രസ്താവിക്കുമായിരുന്നു:

'തിരുനബി(സ)ക്ക് ഒരേസമയം ഒന്നിലധികം വചനങ്ങൾ വെളിപ്പെടുമ്പോൾ, അദ്ദേഹം തന്റെ എഴുത്തുകാരിൽ ഒരാളെ വിളിക്കുകയും 'ഈ വചനങ്ങൾ ഇന്ന കാര്യങ്ങൾ പ്രതിപാദിക്കുന്ന സൂറത്തിൽ ഇന്ന സ്ഥാനത്ത് ചേർക്കുക' എന്ന് നിർദ്ദേശിക്കുകയും ചെയ്യുമായിരുന്നു. ഇനി ഒരു വചനം മാത്രമാണ് വെളിപ്പെടുന്നതെങ്കിൽ, അപ്പോഴും തിരുനബി(സ) തന്റെ എഴുത്തുകാരനെ വിളിക്കുകയും 'ഈ വചനം ഇന്ന കാര്യങ്ങൾ പരാമർശിക്കുന്ന സൂറത്തിൽ ഇന്ന സ്ഥാനത്ത് എഴുതുക' എന്ന് പ്രത്യേകം നിർദ്ദേശിക്കുകയും ചെയ്യുമായിരുന്നു.

*(അവ: മിശ്കാത്തുൽ മസാബീഹ്, കിതാബു ഫദാഇലിൽ ഖുർആൻ, ബാബു ഇഖ്തിലാഫിൽ ഖിറാആത്തി വ ജംഇൽ ഖുർആൻ, അൽഫസ്‌ലുസ്സാലിസ്, ഹദീസ് നമ്പർ: 2222, ദാറുൽ കുതുബിൽ ഇൽമിയ്യ, ബെയ്റൂത്ത്, ലെബനൻ, ഒന്നാം പതിപ്പ് (2003).*

തിരുനബി(സ)യുടെ വഹ്‌യ് എഴുത്തുകാരായി സേവനമനുഷ്ഠിച്ചിരുന്ന സ്വഹാബികളുടെ പേരുകളും ജീവിതചരിത്രങ്ങളും ചരിത്രത്തിൽ രേഖപ്പെടുത്തുകയും അതീവ ജാഗ്രതയോടെ സംരക്ഷിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. അവരിൽ ഏറ്റവും പ്രമുഖരായ സ്വഹാബികൾ ഹദ്റത്ത് അബൂബക്കർ(റ), ഹദ്റത്ത് ഉമർ(റ), ഹദ്റത്ത് ഉസ്മാൻ(റ), ഹദ്റത്ത് അലി(റ), സുബൈർ ബിൻ അൽഅവ്വാം(റ), ഷർജീൽ ബിൻ ഹസന (റ), അബ്ദുല്ലാ ബിൻ റവാഹ(റ), ഉബയ്യ് ബിൻ കഅ്ബ്(റ), സൈദ് ബിൻ സാബിത്(റ) എന്നിവരായിരുന്നു.

*(അവ: 1.ഫത്ഹുൽ ബാരി ശറഹു സ്വഹീഹിൽ ബുഖാരി, അഹമ്മദ് ബിൻ അലി ബിൻ ഹജർ അസ്ഖലാനി (റഹ്), വാല്യം 9, കിതാബു ഫദാഇലിൽ ഖുർആൻ, ബാബു കാതിബിൻനബി(സ), പേജ് 27, ഖദീമി കുതുബ് ഖാന, ആറാം ബാഗ്, കറാച്ചി.*

*2. ശറഹുൽ അല്ലാമ: സ്സർഖാനി അലൽ മവാഹിബിൽ ലദുന്നിയ്യ, മുഹമ്മദ് ബിൻ അബ്ദുൽ ബാഖി അസ്സർഖാനി (റഹ്), നാലാം ഭാഗം, പേജ്: 533,554 അൽഫസ്‌ലുസ്സാദിസു ഫീ ഉമറാഇഹി വ റുസുലിഹി വ കിതാബിഹി വ കുതുബിഹി ഇലാ അഹ്‌ലിൽ ഇസ്‌ലാം..., ദാറുൽ കുതുബിൽ ഇൽമിയ്യ, ബെയ്റൂത്ത്, ലെബനൻ, ഒന്നാം പതിപ്പ് (1996).*

ഇസ്‌ലാമിന്റെ പ്രാരംഭ ഘട്ടത്തിൽത്തന്നെ ഖുർആനിക വെളിപാടുകൾ രേഖ പ്പെടുത്തി വെക്കുന്നതിനായി തിരുനബി(സ)യുടെ പക്കൽ വിശ്വസ്തരായ എഴുത്തുകാരുടെ ഒരു സംഘം ഉണ്ടായിരുന്നുവെന്ന് മുകളിൽ നൽകിയ പട്ടികയിൽ നിന്ന് വ്യക്തമാണ്.

ഇത്തരത്തിൽ വിശുദ്ധ ഖുർആൻ ലിഖിത രൂപത്തിൽ സംരക്ഷിക്കപ്പെട്ടുവെന്നു മാത്രമല്ല, വിവിധങ്ങളായ ജ്ഞാനങ്ങളാൽ വെളിപാടുകളുടെ ക്രമത്തിൽ നിന്നും വ്യത്യസ്തമായി ഖുർആന്റെ അന്തിമമായ ക്രമീകരണവും അതോടൊപ്പം തന്നെ പൂർത്തിയാക്കപ്പെട്ടു. തിരുനബി(സ)യുടെ വിയോഗശേഷം ഖുർആൻ വെളിപാടുകൾ പൂർത്തിയായപ്പോൾ, അദ്ദേഹത്തിന്റെ ഒന്നാം ഖലീഫയായ ഹദ്റത്ത് അബൂബക്കർ(റ), ഹദ്റത്ത് ഉമർ(റ)ന്റെ നിർദ്ദേശപ്രകാരം ഹദ്റത്ത് സൈദ് ബിൻ സാബിത് അൻസാരി(റ)നോട് (ഇദ്ദേഹം തിരുനബി(സ)യുടെ വഹി എഴുത്തുകാരനായി സേവനമനുഷ്ഠിച്ചിരുന്ന ആളാണ്) വിശുദ്ധ ഖുർആൻ വ്യവസ്ഥാപിതമായി ക്രോഡീകരിക്കാനും പുസ്തക രൂപത്തിൽ സംരക്ഷിക്കാനും ആവശ്യപ്പെട്ടു. അതനുസരിച്ച്,

• ഹദീഥുന്നബ്‌വി ﷺ •

"അൽഅഅ്മാലു ബിൽ ഖവാതീമി"
കർമങ്ങൾ അതിന്റെ പര്യവസാനത്തിലധിഷ്ഠിതമാണ്.

ത്വാലിബെ ദുആ
RAHMAN SHAKEER & FAMILY
AHMADIYYA JAMA-ATH KARULAI, KERALA

• ഹദീഥുന്നബ്‌വി ﷺ •

"ഊസ്വീക്കും ബിൽജാരി."
അയൽക്കാരനോടു നല്ല നിലയിൽ പെരുമാറണമെന്ന് ഞാൻ നിങ്ങളോടു വസ്വിയ്യത്ത് ചെയ്യുന്നു.

ത്വാലിബെ ദുആ
P. ABDUL AMEER
AHMADIYYA JAMA-ATH MANJERY, KERALA

ഹദ്റത്ത് സൈദ് ബിൻ സാബിത്(റ) ശക്തമായ ലിഖിത സാക്ഷ്യങ്ങളുടെയും വാമൊഴി സാക്ഷ്യങ്ങളുടെയും അടിസ്ഥാനത്തിൽ ഖുർആനിലെ ഓരോ വചനവും അതീവ ശ്രദ്ധയോടെ ശേഖരിക്കുകയും അവ ഒരു പൂർണ്ണമായ പുസ്തകമായി ക്രോഡീകരിക്കുകയും ചെയ്തു.

*(അവ: സ്വഹീഹ് ബുഖാരി, കിതാബു ഫദാഇലിൽ ഖുർആൻ, ബാബു കാതിബിൻനബി(സ), ഹദീസ് നമ്പർ: 4989.)*

പിന്നീട് ഇസ്‌ലാം വിവിധ രാജ്യങ്ങളിലേക്ക് വ്യാപിച്ചപ്പോൾ, തിരുനബി(സ)യുടെ മൂന്നാം ഖലീഫയായ ഹദ്റത്ത് ഉസ്മാൻ(റ), ഹദ്റത്ത് സൈദ് ബിൻ സാബിത്(റ) ക്രോഡീകരിച്ച പുസ്തകത്തിന് അനുസൃതമായി വിശുദ്ധ ഖുർആന്റെ ആധികാരിക പകർപ്പുകൾ തയ്യാറാക്കാൻ ഉത്തരവിട്ടു. ഈ യഥാർത്ഥ പകർപ്പുകൾ പിന്നീട് എല്ലാ ഇസ്‌ലാമിക രാജ്യങ്ങളിലേക്കും അയച്ചുകൊടുത്തു.

*(അവ: 1.സ്വഹീഹ് ബുഖാരി, കിതാബു ഫദാഇലിൽ ഖുർആൻ, ബാബു ജംഇൽ ഖുർആൻ, ഹദീസ് നമ്പർ: 4987.*

*2. ഫത്ഹുൽ ബാരി ശറഹു സ്വഹീഹിൽ ബുഖാരി, അഹമ്മദ് ബിൻ അലി ബിൻ ഹജർ അസ്ഖലാനി (റഹ്), വാല്യം 9, കിതാബു ഫദാഇലിൽ ഖുർആൻ, ബാബു ജംഇൽ ഖുർആൻ, ഹദീസ് നമ്പർ: 4987, പേജുകൾ 2425, ഖദീമി കുതുബ് ഖാന, ആറാം ബാഗ്, കറാച്ചി.)*

മറുഭാഗത്ത്, വിശുദ്ധ ഖുർആൻ മന:പാഠമാക്കുന്നതിനായി വളരെ ഫലപ്രദമായ ഒരു സംവിധാനം നിലവിലുണ്ടായിരുന്നു. വചനങ്ങൾ വെളിപ്പെടുന്ന മുറയ്ക്ക് തന്നെ അവ നിശ്ചയിക്കപ്പെട്ട ക്രമമനുസരിച്ച് മന:പാഠമാക്കിയിരുന്ന ഒരു കൂട്ടം സ്വഹാബികൾ ഉണ്ടായിരുന്നു. വിശുദ്ധ ഖുർആൻ ഭാഗികമായി മന:പാഠമാക്കിയവർ അസംഖ്യമായിരുന്നുവെങ്കിലും, തിരുനബി(സ)യുടെ കാലത്ത് തന്നെ ഖുർആൻ പൂർണ്ണമായും മന:പാഠമാക്കിയവർ ഗണ്യമായ എണ്ണത്തിലുണ്ടായിരുന്നു.

അവരിൽ ചുരുങ്ങിയത് നാലുപേരെയെങ്കിലും തിരുനബി(സ) നേരിട്ട് അവരെ പരീക്ഷിക്കുകയും അവർ പൂർണ്ണമായും വിശ്വസ്തരാണെന്ന് കണ്ടെത്തിയതിനെത്തുടർന്ന് മറ്റ് സ്വഹാബികളെ പഠിപ്പിക്കുന്നതിനായി അവരെ നിയോഗിക്കുകയും ചെയ്തു. (അവ: സ്വഹീഹ് ബുഖാരി, കിതാബു ഫദാഇലിൽ ഖുർആൻ, ബാബുൽ ഖുർആൻ മിൻ അസ്ഹാബിൻനബി(സ), ഹദീസ് നമ്പർ: 4999.)

കൂടാതെ, തിരുനബി(സ)യുടെ വിയോഗശേഷം വിശുദ്ധ ഖുർആൻ പുസ്തക രൂപത്തിലായതോടെ, ഹുഫ്ഫാദുകളുടെ (ഖുർആൻ മന:പാഠമാക്കിയവരുടെ) എണ്ണം അതിശയിപ്പിക്കുന്ന വേഗതയിൽ വർദ്ധിച്ചു. ഹദ്റത്ത് ഉമർ(റ)ന്റെ കാലഘട്ടത്തിൽ മാത്രം ഇസ്‌ലാമിക സൈന്യത്തിൽ ഒരിടത്ത് മുന്നൂറിലധികം ഹുഫ്ഫാദുകൾ ഉണ്ടായിരുന്നു. *(അവ: കൻസുൽ ഉമ്മാൽ ഫീ സുനനിൽ അഖ്‌വാലി വൽ അഫ്ആൽ, ഇമാം അലാഉദ്ദീൻ അൽമുത്തഖി ബിൻ ഹസാമുദ്ദീൻ (റഹ്), ഒന്നാം വാല്യം, രണ്ടാം ഭാഗം, കിതാബുൽ അദ്കാർ, ബാബു ഫിൽ ഖുർആൻ, ഫസ്‌ലുൻ ഫീ ഫദാഇലിൽ ഖുർആനി മുത്‌ലഖൻ, പേജ് 124, ഹദീസ് നമ്പർ: 4016, ദാറുൽ കുതുബിൽ ഇൽമിയ്യ, ബെയ്റൂട്ട്, ലെബനൻ, രണ്ടാം പതിപ്പ് (2004)).* *(തുടരും)*

**സദ്ർ അൻജുമൻ അഹ്മദിയ്യ ഖാദിയാൻ**

## ഡ്രൈവർ ഒഴിവ്

നിബന്ധനകൾ:

- അപേക്ഷകന്റെ പ്രായം 18 വയസ്സിന് മുകളിലും 40 വയസ്സിൽ താഴെയുമായിരിക്കണം.
- കുറഞ്ഞത് പത്താം ക്ലാസ് പാസായിരിക്കണം.
- അപേക്ഷകന് സാധുവായ (Valid) ഫോർ വീലർ ഡ്രൈവിംഗ് ലൈസൻസ് ഉണ്ടായിരിക്കണം.
- ഏതെങ്കിലും സർക്കാർ സ്ഥാപനത്തിലോ മറ്റ് സ്വകാര്യ സ്ഥാപനങ്ങളിലോ കുറഞ്ഞത് 2 വർഷത്തെ ഡ്രൈവിംഗ് പരിചയം ഉണ്ടായിരിക്കണം. കൂടാതെ, പ്രസ്തുത സ്ഥാപനത്തിൽ നിന്നുള്ള പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റ് (Experience Certificate) അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.
- ജനന സർട്ടിഫിക്കറ്റ് (Birth Certificate) ഹാജരാക്കേണ്ടത് നിർബന്ധമാണ്.
- എഴുത്തുപരീക്ഷയിലും ഇന്റർവ്യൂവിലും അപേക്ഷകൻ വിജയിച്ചിരിക്കണം.
- എഴുത്തുപരീക്ഷയിലും ഇന്റർവ്യൂവിലും വിജയിക്കുന്നവർക്കായി ഡ്രൈവിംഗ് ടെസ്റ്റ് നടത്തുന്നതാണ്.
- അപേക്ഷകൻ ആരോഗ്യവാനായിരിക്കണം. ഇതിനായി നൂർ ഹോസ്പിറ്റൽ ഖാദിയാനിൽ നിന്നുള്ള മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുണ്ട്.
- നിയമിക്കപ്പെടുന്ന ഡ്രൈവർക്ക് രണ്ടാം ഗ്രേഡിന് (Grade II) തുല്യമായ അലവൻസും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതാണ്.
- തിരഞ്ഞെടുക്കപ്പെടുന്ന പക്ഷം, ആദ്യത്തെ അഞ്ച് വർഷം ഖാദിയാനിൽ സ്വന്തമായി താമസ സൗകര്യം കണ്ടെത്തേണ്ടതാണ്.
- അഭിമുഖത്തിന് വരുമ്പോഴുള്ള യാത്രാ ചെലവുകൾ അപേക്ഷകൻ തന്നെ വഹിക്കേണ്ടതാണ്.

കുറിപ്പ്: എഴുത്തുപരീക്ഷ, ഇന്റർവ്യൂ, ഡ്രൈവിംഗ് ടെസ്റ്റ് എന്നിവയുടെ തീയതി പിന്നീട് അറിയിക്കുന്നതാണ്.

**കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:**
വിലാസം:
**നസാറത്ത് ദീവാൻ**
**സദ്ർ അൻജുമൻ അഹ്മദിയ്യ ഖാദിയാൻ,**
**പിൻ കോഡ്: 143516**
**മൊബൈൽ: 09888232530, 09682627592**
**ഫോൺ: 01872501130**
**ഇമെയിൽ: diwan@qadian.in**

## മജ്‌ലിസ് അൻസാറുല്ലാഹ് ഭാരത്
## ദേശീയ ഇജ്തിമാഅ്

*2026 ഒക്ടോബർ 23, 24, 25 (വെള്ളി, ശനി, ഞായർ)*

**സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്) പോഷക സംഘടനകളുടെ ദേശീയ ഇജ്തിമാഅ് 2026 ഒക്ടോബർ 23, 24, 25 (വെള്ളി, ശനി, ഞായർ) തീയതികളിൽ നടത്തുന്നതിനു അനുമതിയും അംഗീകാരവും നൽകിയിരിക്കുന്നു.**

**സഹോദരങ്ങൾ ദു:ആകളുമായി ഈ അനുഗൃഹീത ഇജ്തിമായിൽ പങ്കെടുക്കണമെന്ന നിയ്യത്തിൽ ഇപ്പോൾ മുതൽ തന്നെ തയ്യാറെടുപ്പുകൾ ആരംഭിക്കുക.**

**അല്ലാഹു പരമാവധി അൻസാർ അംഗങ്ങൾക്ക് ഈ ഇജ്തിമായിൽ സംബന്ധിക്കുവാനും അതിൽ നിന്ന് ആത്മീയ നേട്ടങ്ങൾ കൈവരിക്കുവാനും തൗഫീഖ് നൽകുമാറാകട്ടെ. ആമീൻ.** *(സദ്ർ മജ്‌ലിസ് അൻസാറുല്ലാഹ് ഭാരത്)*

**• ഹദീഥുന്നബ്‌വി ﷺ •**



**മരിച്ചവരെ ചീത്ത പറയരുത്,**
**എന്തുകൊണ്ടെന്നാൽ അവർ മുമ്പേ**
**അയച്ചിട്ടുള്ളതിലേക്കാണ് പോയിരിക്കുന്നത്.**
**(ബുഖാരി 23:77)**

ത്വാലിബെ ദുആ
**SERA SPORTS,** P.I.GROUND FLOOR
ARAFAH ARCADE 4/45A, 4/45 A1, IRINGALOOR, OPP
GOVT.H.S.S, OLAVANN, MOB-8845680091

**• ഹദീഥുന്നബ്‌വി ﷺ •**

**"ബജ്ജിലുൽ മശാഇഖ."**
**പ്രായമുള്ളവരെ ബഹുമാനിക്കുക.**



tectona
feels more confidence
All Types Of Quality Furniture
ത്വാലിബെ ദുആ
Prop.M.SHAFIQ - 80752 12141 , M.MUSTAFA - 91887 68150
M.MUNEER - 99468 71947, KARULAI, MALAPURAM

പേജ് 2ൽ നിന്ന്

അത്തരം പ്രസംഗങ്ങൾ അവസാനിപ്പിക്കാതിരിക്കുന്നതും ഇസ്‌ലാമിക രീതിയല്ല. എന്നെ സ്വീകരിച്ചവർ അത്തരം പ്രസംഗങ്ങളിൽ നിന്ന് വിട്ടുനിൽക്കുക മാത്രമല്ല, ഈ രീതിയെ അങ്ങേ യറ്റം മോശമായും ദൈവകോപത്തിന് കാരണമായും കരുതുകയും ചെയ്യും. *(അവ: ഗവൺമെന്റ് അംഗ്രേസി ഔർ ജിഹാദ്)*

അദ്ദേഹം തുടരുന്നു:

ഇപ്പോൾ മസീഹ് മൗഊദ് വന്നുകഴിഞ്ഞ സ്ഥിതിക്ക് ജിഹാദിൽ നിന്ന് വിട്ടുനിൽക്കുക എന്നത് ഓരോ മുസ്‌ലിമിന്റെയും കടമയാണ്. ഞാൻ വന്നിട്ടില്ലായിരുന്നുവെങ്കിൽ ഒരുപക്ഷേ ഈ തെറ്റിദ്ധാരണയ്ക്ക് എന്തെങ്കിലും ഒഴികഴിവ് ഉണ്ടാകുമായിരുന്നു. എന്നാൽ ഇപ്പോൾ ഞാൻ വന്നുകഴിഞ്ഞു, വാഗ്ദാനം ചെയ്യപ്പെട്ട ആ ദിവസം നിങ്ങൾ കണ്ടുകഴിഞ്ഞു. അതിനാൽ മതപരമായ കാരണങ്ങളാൽ വാളെടുക്കുന്നവർക്ക് അല്ലാഹുവിന്റെ മുമ്പാകെ ഇനി ഒരു ഒഴികഴിവും ഉണ്ടായിരിക്കില്ല. കാഴ്ചയുള്ളവരും ഖുർആനും ഹദീസുകളും വായിക്കുന്നവരുമായ ആർക്കും ഇക്കാലഘട്ടത്തിലെ അവിവേകികൾ ചെയ്തുകൊണ്ടിരിക്കുന്ന ഈ ജിഹാദ് രീതി ഇസ്‌ലാമികമല്ലെന്ന് നന്നായി മനസ്സിലാക്കാൻ സാധിക്കും. മറിച്ച്, ഇവ മുസ്‌ലിംകൾക്കിടയിൽ വ്യാപിച്ച അധമ വികാരങ്ങളുടെയോ സ്വർഗ്ഗത്തോടുള്ള അമിതമായ ആഗ്രഹത്തിന്റെയോ ഫലമായുള്ള നിയമവിരുദ്ധ പ്രവർത്തനങ്ങൾ മാത്രമാണ്.

അദ്ദേഹം വീണ്ടും പറയുന്നു:

നോക്കൂ, ഞാൻ ഒരു കല്പനയുമായാണ് നിങ്ങളുടെ അടുക്കൽ വന്നിരിക്കുന്നത്. അത് മറ്റൊന്നുമല്ല, ഇന്നു മുതൽ വാളുകൊണ്ടുള്ള ജിഹാദിന് അന്ത്യം കുറിച്ചിരിക്കുന്നു. എന്നാൽ സ്വന്തം മനസ്സിനെ ശുദ്ധീകരിക്കുന്നതിനുള്ള ജിഹാദ് ബാക്കിയുണ്ട്. ഈ കാര്യം ഞാൻ എന്റെ ഭാഗത്തുനിന്ന് പറയുന്നതല്ല, മറിച്ച് അല്ലാഹുവിന്റെ ഉദ്ദേശ്യം അതാകുന്നു. (അവ: ഗവൺമെന്റ് അംഗ്രേസി ഔർ ജിഹാദ്)

അദ്ദേഹം തന്റെ ഒരു കവിതയിൽ പറയുന്നു:

സുഹൃത്തുക്കളേ, ജിഹാദിനെക്കുറിച്ചുള്ള ചിന്ത ഇനി ഉപേക്ഷിക്കുക, മതത്തിന് വേണ്ടി യുദ്ധം ചെയ്യുന്നതും കൊന്നൊടുക്കുന്നതും ഇനി നിഷിദ്ധമാണ്. ഈസാ മസീഹ് യുദ്ധങ്ങൾ മാറ്റിവെക്കുമെന്ന് സർലോകാധിപതിയായ മുഹമ്മദ് മുസ്തഫ(സ) പറയുന്നു. ഈ കല്പന കേട്ടിട്ടും ആരെങ്കിലും യുദ്ധത്തിന് പുറപ്പെട്ടാൽ, അവർ സത്യ നിഷേധികളിൽ നിന്ന് കനത്ത പരാജയം ഏറ്റുവാങ്ങും. (തുഹ്ഫ ഗോൾഡവിയ്യ, പേജ് 40)

ഇനി ഇതിന്റെ തീരുമാനം ഞങ്ങൾ വായനക്കാർക്ക് വിടുകയാണ്; 1900 ന് ശേഷം അതായത് സത്യവാനായ ഇമാം മഹ്ദിയും മസീഹ് മൗഊദുമായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി(അ) വാളുകൊണ്ടുള്ള ജിഹാദ് അവസാനിച്ചുവെന്ന ഫത്വ പുറപ്പെടുവിച്ചതിന് ശേഷം, ജിഹാദിന്റെ പേരിൽ നടന്ന ഏതെങ്കിലും ഒരു യുദ്ധത്തിൽ മുസ്‌ലിംകൾക്ക് സത്യനിഷേധികൾക്കെതിരെ വിജയം ലഭിച്ചിട്ടുണ്ടോ എന്ന് നിങ്ങൾ തന്നെ ചിന്തിക്കുക. അതല്ലെങ്കിൽ, ജിഹാദിന്റെ പേരിൽ മുസ്‌ലിംകൾ മുസ്‌ലിംകൾക്കെതിരെ തന്നെ പോരാടുകയും പരസ്പരം കഴുത്തറക്കുകയും ജിഹാദിന്റെ പേരിൽ ഇസ്‌ലാമിനെ അപകീർത്തിപ്പെടുത്തുകയും മുസ്‌ലിംകളെ ദുർബലപ്പെടുത്തുകയുമാണോ ചെയ്തത്? ആലോചിക്കുക, ചിന്തിക്കുക!

അല്ലാഹുവിൽ നിന്നുള്ള ഈ സത്യവാനായ മസീഹ് മൗഊദിന്റെ വേദനാ നിർഭരമായ ശബ്ദം മുസ്‌ലിംകൾ കേട്ടിരുന്നെങ്കിൽ, ഇന്ന് ലോകത്ത് മുസ്‌ലിംകൾ പരസ്പരം രക്തം ചിന്തുകയില്ലായിരുന്നു! അവരുടെ കരുത്ത് ക്രിയാത്മകമായ കാര്യങ്ങൾക്കായി ഉപയോഗിക്കപ്പെടുമായിരുന്നു!

അതുകൊണ്ട്, ഹകമും അദ്‌ലുമായ അദ്ദേഹത്തിന്റെ തീരുമാനങ്ങളിലേക്ക് വരിക!

അദ്ദേഹത്തിന്റെ മറ്റു ചില വിധിന്യായങ്ങളെക്കുറിച്ച് വരും ലക്കങ്ങളിൽ ചർച്ച ചെയ്യുന്നതാണ്. ഇൻശാ അല്ലാഹ്! വബില്ലാഹി തൗഫീഖ്.

## ദാറുൽ സ്വനാഅത്ത് ഖാദിയാൻ പ്രവേശന അറിയിപ്പ് 2026-27

**(അഹ്മദി വിദ്യാർത്ഥികൾ ശ്രദ്ധിക്കുക, അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു)**

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹു തആലാ ബിനസിഹിൽ അസീസ്)ന്റെ പ്രത്യേക അനുമതിയോടും നിർദ്ദേശത്തോടും കൂടി 2010ലാണ് ദാറുൽ സ്വനാഅത്ത് ഖാദിയാൻ സ്ഥാപിതമായത്. അഹ്മദി വിദ്യാർത്ഥികളെ തൊഴിൽ നൈപുണ്യമുള്ളവരാക്കി മാറ്റുകയും സാങ്കേതിക കോഴ്സുകൾ പഠിപ്പിച്ചു കൊണ്ട് അവർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയുമാണ് ഈ സ്ഥാപനത്തിന്റെ പ്രധാന ലക്ഷ്യം.

**ദാറുൽ സ്വനാഅത്ത് ഖാദിയാൻ സർക്കാർ അംഗീകൃത സ്ഥാപനമാണ്**
**(NSIC ഡൽഹി, ISO രജിസ്റ്റേഡ്).**

താഴെ പറയുന്ന ഏക വാർഷിക കോഴ്സുകളാണ് ഇവിടെ നൽകുന്നത്.

**1. Computer applications, 2.Pmbing, 3.Electrician 4.Motor Vehicle Mechanic, 5. Diesel Mechanic 6. Welding, 7. AC & Refrigerator**

**പ്രത്യേകതകൾ:**

- ഖാദിയാന് പുറത്തുനിന്നും വരുന്ന അഹ്മദി വിദ്യാർത്ഥികൾക്കായി ഹോസ്റ്റൽ, മെസ് സൗകര്യങ്ങൾ ലഭ്യമാണ്.
- താമസത്തിനും ഭക്ഷണത്തിനും ഫീസ് ഈടാക്കുന്നതല്ല.
- കോഴ്സ് ഫീസ് ലളിതമായ ഗഡുക്കളായി അടക്കാവുന്നതാണ്.
- സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കാൻ സാധിക്കാത്തവരും ക്ലാസ് അല്ലെങ്കിൽ പത്താം ക്ലാസ് കഴിഞ്ഞ് ടെക്നിക്കൽ കോഴ്സുകൾ ചെയ്യാൻ ആഗ്രഹിക്കുന്നവരുമായ അഹ്മദി യുവാക്കൾ പ്രവേശനത്തിനായി ഉടൻ ബന്ധപ്പെടുക.
- അഹ്മദി കുട്ടികൾക്കായുള്ള മതവിദ്യാഭ്യാസ സൗകര്യവും ഇവിടെയുണ്ട്.
- 2026..27 പുതിയ സെഷനിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചു കഴിഞ്ഞു. ക്ലാസുകൾ 2026 ഓഗസ്റ്റ് 1 മുതൽ ആരംഭിക്കും.

കൂടുതൽ വിവരങ്ങൾക്ക് താഴെ പറയുന്ന നമ്പറുകളിലോ ഇമെയിൽ വിലാസത്തിലോ ബന്ധപ്പെടുക:
**Email: darulsanaat.qadian@gmail.com**
**Phone: +91 9872725895 / 8604024043**
(പ്രിൻസിപ്പൽ, ദാറുൽ സ്വനാഅത്ത് ഖാദിയാൻ)

## 131-ാമത് ജൽസ സാലാന ഖാദിയാൻ

**2026 ഡിസംബർ 25, 26, 27 (വെള്ളി, ശനി, ഞായർ)**

സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്) 131-ാമത് ജൽസ സാലാന ഖാദിയാൻ 2026 ഡിസംബർ 25, 26, 27 (വെള്ളി, ശനി, ഞായർ) തീയതികളിൽ നടത്തുന്നതിനു അനുമതിയും അംഗീകാരവും നൽകിയിരിക്കുന്നു. സഹോദരങ്ങൾ ദു:ആകളുമായി ഈ അനുഗൃഹീത ജൽസയിൽ പങ്കെടുക്കണമെന്ന നിയ്യത്തിൽ ഇപ്പോൾ മുതൽ തന്നെ തയ്യാറെടുപ്പുകൾ ആരംഭിക്കേണ്ടതാണ്. അല്ലാഹു പരമാവധി ജമാഅത്ത് അംഗങ്ങൾക്ക് ഈ ദൈവിക ജൽസയിൽ സംബന്ധിക്കുവാനും അതിൽ നിന്ന് ആത്മീയ നേട്ടങ്ങൾ കൈവരിക്കുവാനും തൗഫീഖ് നൽകട്ടെ. കൂടാതെ, ജൽസയിൽ പങ്കെടുക്കുന്നവർക്കായി ഹദ്റത്ത് മസീഹ് മൗഊദ്(അ) ചെയ്തിട്ടുള്ള ദു:ആകൾക്ക് നമ്മെ എല്ലാവരെയും അർഹരാക്കുമാറാകട്ടെ. ആമീൻ.

NAZIR ISLAH-O-IRSHAD MARKAZIA, QADIAN

AL-ISLAM
The Official Website of
the Ahmadiyya Muslim Community
www.alislam.org

ക്യൂആർ കോഡ്
സ്കാൻ ചെയ്യൂ...
ഞങ്ങളുടെ വെബ്സൈറ്റ്
സന്ദർശിക്കൂ...
The Weekly BADR Qadian
(Malayalam)
www.akhbarbadr.in/Malayalam/

EDITOR
H.Shamsuddin
Mobile : +91 99460 21252
Sub Editor : Mohammad Ismail
e-mail : badarmalayalam@gmail.com
Layout: HA Creative Graphics

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2026-28 Vol-11 Thursday 16-23 April 2026 Issue:16-17

ACT. MANAGER
ATHAR AHMAD SHAMIM
Mobile: +91 9815639670
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION :** Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് എം.എ[റ]

## സീറത്തുൽ മഹ്ദി(അ)

വിവ: എ.നാസിർ ഖാദിയാൻ

### മെഴുകുതിരികൾ

എന്റെ നിരീക്ഷണ പ്രകാരം, ഹദ്റത്ത് മസീഹ് മൗഊദ്(അ) പല മെഴുകുതിരികൾ ഒരേസമയം കത്തിച്ച് മുന്നിൽ വെക്കാറുണ്ടായിരുന്നു. ഏതെങ്കിലും തിരി അണഞ്ഞുപോയാൽ ഉടൻ മറ്റൊന്ന് കത്തിക്കും. മെഴുകുതിരികളുടെ ബണ്ടിലുകൾ തന്നെ വീട്ടിൽ വാങ്ങി സൂക്ഷിക്കാറുണ്ടായിരുന്നു. ഒരിക്കൽ ബൈത്തുൽ ഫിക്റിനോട് ചേർന്നുള്ള വരാന്തയിൽ ഹദ്റത്ത് മെഴുകുതിരി വെളിച്ചത്തിൽ എന്തോ ജോലിയിൽ മുഴുകിയിരിക്കുകയായിരുന്നു. ഹദ്റത്ത് അമ്മാജാൻ (റ) അവിടുത്തെ അടുത്തു കൂടെ കടന്നുപോയപ്പോൾ അവരുടെ വസ്ത്രത്തിന്റെ (തട്ടം) അറ്റത്ത് തീ പിടിച്ചു. അവർ അതറിഞ്ഞിരുന്നില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇത് കണ്ടയുടനെ വേഗത്തിൽ എഴുന്നേറ്റ് സ്വന്തം കൈകൊണ്ട് ആ തീ അണച്ചു. ആ സമയം അമ്മാജാൻ (റ) അല്പം പരിഭ്രമിച്ചു പോയിരുന്നു

### മേഘമൊരുക്കിയ തണൽ

എന്റെ മാതാവ് (ഹദ്റത്ത് അമ്മ ജാൻ(റ)) എന്നോട് ഇപ്രകാരം വിവരിച്ചു: ഹദ്റത്ത് മസീഹ് മൗഊദ്(അ) അവരോട് പറയുകയുണ്ടായി, ഒരിക്കൽ താൻ ഒരു യാത്ര കഴിഞ്ഞ് ഖാദിയാനി ലേക്ക് മടങ്ങുകയായിരുന്നു. ബട്ടാലയിൽ എത്തിയപ്പോൾ ഖാദിയാനിലേക്ക് പോകാനായി ഒരു കുതിരവണ്ടി (Yakka) വാടകയ്ക്കെടുത്തു. ആ വണ്ടിയിൽ ഒരു ഹിന്ദു യാത്രക്കാരനും കയറാനുണ്ടായിരുന്നു. ഞങ്ങൾ വണ്ടിയിൽ കയറാൻ തുടങ്ങിയപ്പോൾ ആ ഹിന്ദു പെട്ടെന്ന് വെയിലിന്റെ എതിർവശത്തുള്ള സീറ്റിൽ കയറി ഇരുന്നു. അതിനാൽ എനിക്ക് സൂര്യപ്രകാശത്തിന് നേരെ (വെയിലത്ത്) ഇരിക്കേണ്ടി വന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: ഞങ്ങൾ നഗരത്തിന് പുറത്തെത്തിയപ്പോൾ പെട്ടെന്ന് ഒരു മേഘശകലം ഉയർന്നു വരികയും എനിക്കും സൂര്യനുമിടയിൽ തണലായി വരികയും യാത്രയിലുടനീളം കൂടെ വരികയും ചെയ്തു. ഞാൻ (മിർസാ ബശീർ അഹ്മദ്) മാതാവിനോട് ചോദിച്ചു, ആ ഹിന്ദു പിന്നീട് എന്തെങ്കിലും പറഞ്ഞോ? മാതാവ് പറഞ്ഞു, ആ ഹിന്ദു പിന്നീട് വളരെയധികം മാപ്പപേക്ഷിക്കുകയും ലജ്ജിക്കുകയും ചെയ്തതായി ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതായി ഞാൻ ഓർക്കുന്നു. അത് വേനൽക്കാലമായിരുന്നുവെന്നും മാതാവ് പറഞ്ഞു.

എന്റെ അറിവിൽ ഇതേ നിവേദനം മൗലവി ശീർ അലി സാഹിബും (റ) എന്നോട് വിവരിച്ചിട്ടുണ്ട്. അദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പക്കൽ നിന്ന് നേരിട്ടാണ് ഈ സംഭവം കേട്ടത്. സ്ഥലത്തിന്റെ കാര്യത്തിൽ മാത്രമാണ് ചെറിയൊരു വ്യത്യാസമുള്ളത്; മൗലവി സാഹിബ് ബട്ടാലയ്ക്ക് പകരം അമൃതസർ എന്നാണ് പറഞ്ഞത്. ആ ഹിന്ദു ഈ അസാധാരണ സംഭവം തിരിച്ചറിയുകയും വളരെയധികം ലജ്ജിക്കുകയും ചെയ്തു എന്ന കാര്യത്തിൽ അദ്ദേഹത്തിന് ഉറപ്പുണ്ട്.

### ആ മുഖാരവിന്ദം!

എന്റെ മാതാവ് എന്നോട് വിവരിക്കുന്നു: ഹദ്റത്ത് മസീഹ് മൗഊദ്(അ) അവരോട് പറയുകയുണ്ടായി, ഒരിക്കൽ ഒരു കേസ് സംബന്ധമായ കാര്യത്തിനായി താൻ ഡൽഹൗസി മലനിരകളിലേക്ക് പോവുകയായിരുന്നു. യാത്രാമധ്യേ മഴ പെയ്തു. ഞാനും എന്റെ കൂടെയുണ്ടായിരുന്ന ആളും വണ്ടിയിൽ നിന്നിറങ്ങി വഴിയരികിലുള്ള ഒരു പർവ്വത നിവാസിയുടെ വീടിന് നേരെ നടന്നു. എന്റെ കൂടെയുണ്ടായിരുന്നയാൾ മുന്നോട്ട് ചെന്ന് വീട്ടുടമസ്ഥനോട് അകത്ത് കയറാൻ അനുവാദം ചോദിച്ചു. എന്നാൽ അയാൾ അത് തടഞ്ഞു. ഇതിനെച്ചൊല്ലി അവർ തമ്മിൽ തർക്കമാവുകയും വീട്ടുടമസ്ഥൻ പ്രകോപിതനായി ചീത്തവിളിക്കാൻ തുടങ്ങുകയും ചെയ്തു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: ഈ തർക്കം കേട്ട് ഞാൻ മുന്നോട്ട് ചെന്നു. ഞാനും ആ വീട്ടുടമസ്ഥനും തമ്മിൽ കണ്ണ് ഉടക്കിയ ഉടനെ, ഞാൻ എന്തെങ്കിലും പറയുന്നതിന് മുമ്പ് തന്നെ അയാൾ തല താഴ്ത്തിക്കൊണ്ട് പറഞ്ഞു: വാസ്തവത്തിൽ കാര്യമെന്തെന്നാൽ എനിക്ക് യുവതിയായ ഒരു മകളുണ്ട്. അതുകൊണ്ടാണ് അപരിചിതരെ ഞാൻ വീട്ടിൽ കയറ്റാത്തത്. എന്നാൽ താങ്കൾക്ക് തീർച്ചയായും അകത്തേക്ക് വരാം. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുമായിരുന്നു, അയാൾ തികച്ചും അപരിചിതനായിരുന്നു; എനിക്ക് അയാളെയോ അയാൾക്ക് എന്നെയോ അറിയില്ലായിരുന്നു.

### ദൈവിക സംരക്ഷണം

എന്റെ മാതാവ് (ഹദ്റത്ത് അമ്മ ജാൻ(റ)) എന്നോട് വിവരിക്കുന്നു: ഹദ്റത്ത് മസീഹ് മൗഊദ്(അ) അവനോട് പറഞ്ഞു: ഒരിക്കൽ ഞാൻ ഒരു യാത്രയിലായിരുന്നു. രാത്രിയിൽ ഞങ്ങൾ ഒരു കെട്ടിടത്തിന്റെ രണ്ടാം നിലയിലുള്ള ഒരു മുറിയിലാണ് താമസിച്ചിരുന്നത്. ആ മുറിയിൽ മറ്റ് ഏഴെട്ടു പേരും ഉണ്ടായിരുന്നു. രാത്രിയുടെ ഒരു ഭാഗം പിന്നിട്ടപ്പോൾ എല്ലാവരും ഉറക്കത്തിലായി. അപ്പോൾ എനിക്ക് എന്തോ ഒരു 'ടുക് ടുക്' ശബ്ദം കേൾക്കുകയും ഈ മുറിയുടെ മേൽക്കൂര തകരാൻ പോകുന്നു എന്നൊരു ആശങ്ക എന്റെ മനസ്സിൽ ഉണ്ടാവുകയും ചെയ്തു. ഉടനെ ഞാൻ എന്റെ കൂടെയുള്ള മസീതാ ബേഗിനെ വിളിച്ചു പറഞ്ഞു: "മേൽക്കൂര വീഴാൻ പോകുന്നുവെന്ന് എനിക്ക് ആശങ്കയുണ്ട്." അയാൾ പറഞ്ഞു: "മിർസാ, ഇത് നിങ്ങളുടെ വെറും തോന്നലാണ്, ഇത് പുതിയ കെട്ടിടമാണ്, മേൽക്കൂരയും തികച്ചും പുതിയതാണ്; സമാധാനമായി ഉറങ്ങിക്കോളൂ."

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഞാൻ വീണ്ടും കിടന്നു, പക്ഷേ കുറച്ചു കഴിഞ്ഞപ്പോൾ ആ ഭയം വീണ്ടും എന്നെ പിടികൂടി. ഞാൻ വീണ്ടും കൂടെയുള്ളയാളെ ഉണർത്തി, പക്ഷേ അയാൾ പഴയ മറുപടി തന്നെ ആവർത്തിച്ചു. നിവൃത്തിയില്ലാതെ ഞാൻ വീണ്ടും കിടന്നു. എന്നാൽ കുറച്ചു കഴിഞ്ഞ് ആ ചിന്ത ശക്തമായി എന്നിൽ ആധിപത്യം സ്ഥാപിച്ചു. മേൽക്കൂരയുടെ തുലാങ്ങൾ (Beam) ഒടിയാൻ പോകുകയാണെന്ന് എനിക്ക് തോന്നി. ഞാൻ പരിഭ്രമത്തോടെ എഴുന്നേറ്റ് ഇത്തവണ കർശനമായി തന്റെ സഹയാത്രികനോട് പറഞ്ഞു: 'മേൽക്കൂര വീഴാൻ പോകുന്നു എന്ന് ഞാൻ പറയുന്നില്ലേ, എഴുന്നേൽക്കൂ! നിങ്ങൾ എന്താണ് എഴുന്നേൽക്കാത്തത്?' അതോടെ അയാൾക്ക് എഴുന്നേൽക്കേണ്ടി വന്നു. മറ്റുള്ളവരെയും ഞങ്ങൾ ഉണർത്തി. എല്ലാവരോടും വേഗം പുറത്തിറങ്ങി താഴേക്ക് പോകാൻ ഞാൻ ആവശ്യപ്പെട്ടു. വാതിലിനോട് ചേർന്ന് തന്നെയായിരുന്നു ഗോവണി. ഞാൻ വാതിൽക്കൽ നിന്നു, ഓരോരുത്തരായി പുറത്തിറങ്ങി താഴേക്ക് പോയി.

എല്ലാവരും പുറത്തുകടന്ന ശേഷം ഞാൻ കാലെടുത്ത് വെച്ചു. എന്റെ ഒരു കാൽ പകുതി പുറത്തും പകുതി ഉമ്മറപ്പടിയിലുമായിരിക്കെ പെട്ടെന്ന് മേൽക്കൂര തകർന്നു വീണു. താഴത്തെ നിലയിലെ മേൽക്കൂരയും അതോടൊപ്പം തകർന്നു പോയി. ഞങ്ങൾ കിടന്നിരുന്ന കട്ടിലുകൾ തരിപ്പണമായത് ഞങ്ങൾ കണ്ടുവെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുകയുണ്ടായി. ഞാൻ മാതാവിനോട് ചോദിച്ചു, "ആരായിരുന്നു ഈ മസീതാ ബേഗ്?" മാതാവ് പറഞ്ഞു, "അദ്ദേഹം നിങ്ങളുടെ വല്യപ്പന്റെ അകന്ന ഒരു ബന്ധുവും കാര്യസ്ഥനുമായിരുന്നു."

ഞാൻ (മിർസാ ബശീർ അഹ്മദ്) ന്റെ നിവേദനം: ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) ഒരിക്കൽ ഈ സംഭവം ഇപ്രകാരം വിവരിക്കുകയുണ്ടായി; ഇത് ഹദ്റത്ത് മസീഹ് മൗഊദ്(അ) ജോലി ചെയ്തിരുന്ന സിയാൽകോട്ടിൽ വെച്ച് നടന്ന സംഭവമാണ്. മേൽക്കൂര താൻ പുറത്തിറങ്ങാൻ കാത്തുനിൽക്കുകയാണെന്ന് അന്ന് തനിക്ക് തോന്നിയതായി ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുമായിരുന്നു. കൂടാതെ, ആ മുറിയിൽ അന്ന് ചില ഹിന്ദുക്കളും ഉണ്ടായിരുന്നു വെന്നും ഈ സംഭവത്തിന് ശേഷം അവർ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വലിയ അനുഭാവികളായി മാറിയെന്നും ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) വിവരിക്കുകയുണ്ടായി. (തുടരും)

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin